

# മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

A WEEKLY PUBLICATION OF THE FAITH & CULTURE FELLOWSHIP DEVALOKAM KOTTAYAM 686038 KERALA. PHONE: 8234

വാല്യം 5 | 1988 സെപ്റ്റംബർ 2 | ലക്കം 27


## വചനത്തിൻെറ സുവർണ്ണം

# മാർ തേവോദോസ്യോസ് തപോനിഷ്ഠനായ ഇടയൻ

1988 ആഗസ്റ്റ് 29ാം തീയതി, അലക്സിയോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്തായുടെ ജന്മശതാബ്ദി ആഘോഷവും, മട്ടയ്ക്കൽ മല്പാനച്ചൻെറ 50–ാം ചരമവാർഷികവും ഉദ്ഘാടനം ചെയ്തുകൊണ്ട് പ: കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് നിരണം മട്ടയ്ക്കൽ ചാപ്പലിൽ ചെയ്ത പ്രസംഗം.

വാത്സല്യമക്കളെ,

മലങ്കരസഭയ്ക്ക് മറക്കാനാവാത്ത സംഭാവനകൾ നൽകിയ രണ്ടു മഹൽവ്യക്തികളുടെ [ഒരു ധന്യ മഹാ പുരോഹിതൻെറ] പാവനസ്മരണയെ നാം കൊണ്ടാടുകയാണല്ലോ. ആദ്യമായി അലക്സിയോസ് മാർ തേവോദോസിയോസ് മെത്രാച്ചനെക്കുറിച്ചോർക്കുമ്പോൾ ആ പിതാവ് വിശിഷ്ടങ്ങളായ അനവധി വ്യക്തിമാഹാത്മ്യങ്ങളുടെ ഉടമയായിരുന്നു. അവ എല്ലാം പരാമർശിക്കുവാൻ നാം സമയമെടുക്കുന്നില്ല. നമ്മെ ആകർഷിച്ച അദ്ദേഹത്തിൻെറ ചില സവിശേഷതകൾ നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരട്ടെ.

### ആശ്രമ പ്രസ്ഥാനത്തിൻെറ ഉദ്ധാരകൻ:

പ്രശസ്തമായ മട്ടയ്ക്കൽ കുടുംബത്തിൽ ജനിച്ച സ്മര്യപുരുഷൻ തൻെറ വിദ്യാഭ്യാസത്തിനുശേഷം ആശ്രമ ജീവിതത്തിലേക്കു ആകൃഷ്ടനായി. പിൽക്കാലത്ത് മാർ ഈവാനിയോസ് ആയിത്തീർന്ന ഫാദർ പി. റ്റി. ഗീവർഗീസിനോടൊത്ത് ബഥനി ആശ്രമം സ്ഥാപിക്കുന്നതിൽ അദ്ദേഹം ഉത്സാഹിച്ചു. പുരാതനമായ നമ്മുടെ സഭയിൽ ആശ്രമപ്രസ്ഥാനത്തിനു പുനർജന്മം നൽകിയ സംഭവമായിരുന്നു അതു്. തൻെറ ആത്മീക ഗുരുവായ മാർ ഈവാനിയോസ് മാതൃസഭയെ വെടിഞ്ഞു് റോമാസഭയെ ആശ്ലേഷിച്ചതു് നമ്മുടെ കഥാപുരുഷനു് നേരിട്ട ഒരു വലിയ ആഘാതമായിരുന്നു. എങ്കിലും ആശ്രമത്തിൻെറ നേതൃത്വം ഏറെറടുത്തു് ഉയർന്നുവന്ന കൊടുങ്കാററിനെ ശക്തമായി നേരിട്ടു. അദ്ദേഹത്തിൻെറ ലളിതമായ ജീവിതചര്യയും, ആത്മചൈതന്യം തുളുമ്പുന്ന പ്രഭാഷണങ്ങളും അനേകം ചെറുപ്പക്കാരെ ആശ്രമജീവിതത്തിലേക്കു് ആകർഷിച്ചു. ഇന്നു നമുക്കു് അനവധി ആശ്രമങ്ങളും മഠങ്ങളും ഉണ്ടു് എന്നതു് അഭിമാനകരമായ കാര്യംതന്നെ.

### സഭാ സ്വാതന്ത്ര്യത്തിൻെറ ശക്തനായ വക്താവ്:

മാർത്തോമ്മാ ശ്ലീഹായുടെ പൈതൃകമുള്ള മലങ്കര ഓർത്തഡോക്സ് സഭ, ഒരു ദേശീയ സഭയാണെന്നും, അതിൻെറ സ്വാതന്ത്ര്യം മറെറാരു സഭയ്ക്കും പണയം വയ്ക്കാൻ പാടില്ല എന്നും അദ്ദേഹം ദൃഢമായി വിശ്വസിച്ചു. സഭയുടെ സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന എല്ലാ സന്ധി സംഭാഷണങ്ങളെയും സമാധാന ശ്രമങ്ങളെയും അദ്ദേഹം ശക്തിയുക്തം എതിർത്തു. ഈ സഭയുടെ സ്വാതന്ത്ര്യത്തിനും സ്വയംശീർഷകത്വത്തിനും കോട്ടം വരുത്തുന്ന സമാധാന വ്യവസ്ഥകളെ ധീരമായി എതിർത്തുകൊണ്ടു് ചിങ്ങവനം സമ്മേളനത്തിൽനിന്നു് അദ്ദേഹം നടത്തിയ ''ഇറങ്ങിപ്പോക്കു്'' ഒരു ചരിത്രസംഭവമാണു്.

അദ്ദേഹം നമ്മുടെപേക്കു് എഴുതിയ ഒരു കത്തിൽ കുറിച്ച ചില വാക്കുകൾ നാം ഓർത്തുപോകുകയാണു്. ''ഞാൻ പഴയ ചാണ്ടിയായി മാറിയാലും സ്വാതന്ത്ര്യം നഷ്ടപ്പെട്ട ഒരു സഭയുടെ മെത്രാപ്പോലീത്താ ആയി കഴിയുവാനാഗ്രഹിക്കുന്നില്ല'' എന്നും, ''ഒരു നായയെപ്പോലെ ഞാൻ മരിക്കേണ്ടി വന്നാലും മലങ്കര സഭയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി അടരാടും'' എന്നും പ്രഖ്യാപിച്ച ആ നസ്രാണി സിംഹത്തിൻെറ മുമ്പിൽ നാം ശിരസ്സു നമിക്കുകയാണു്. വരും തലമുറകൾക്കെല്ലാം സഭാസ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ആവേശവും കർത്തവ്യബോധവും അദ്ദേഹത്തിൻെറ സ്മരണ ഉയർത്തട്ടെ എന്നു നാം ആശംസിക്കുന്നു.

### ബാഹ്യകേരള ഇടവക ശില്പി:

ഇന്നു നമ്മുടെ സഭ ഭാരതത്തിലെങ്ങും മററു ഭൂഖണ്ഡങ്ങളിലും വ്യാപിച്ചുകിടക്കുന്ന ഒന്നാണു്. എന്നാൽ കേരളത്തിനു പുറത്തു്

(ശേഷം 6–ാം പേജിൽ)

# വിദ്യാർത്ഥികൾ ലക്ഷ്യം മറക്കരുതു്: മാർ മിലിത്തിയോസ്

(പ്രത്യേക ലേഖകൻ)

അടൂർ: വിദ്യാർത്ഥികൾ ശ്രേഷ്ഠമായ ലക്ഷ്യങ്ങൾക്കുവേണ്ടി വിളിക്കപ്പെട്ടിട്ടുള്ളവരാണെന്നും, ആ ലക്ഷ്യം നേടുവാനുള്ള തീവ്രമായ തപസ്യയായി വിദ്യാഭ്യാസത്തെ കാണണമെന്നും മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ വിദ്യാർത്ഥികളെ ഉദ്ബോധിപ്പിച്ചു.

അടൂർ കണ്ണംകോട്ട് പള്ളിയിൽവച്ചുനടത്തിയ എം. ജി. ഒ. സി. എസ്. എം. റീജണൽ കോൺഫറൻസിൻെറ സമാപനസമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ദൈവാശ്രയത്തിലൂടെ മാത്രമെ വിദ്യാർത്ഥികൾക്കു് ലക്ഷ്യബോധം വീണ്ടെടുക്കുവാൻ കഴിയൂ എന്നു് അദ്ദേഹം തുടർന്നു പറഞ്ഞു. ലക്ഷ്യബോധമുള്ളവർക്ക്, സമൂഹത്തിനു് വെളിച്ചം പകരുന്ന ദീപസ്തംഭങ്ങളായി രൂപാന്തരപ്പെടുവാൻ കഴിയുമെന്നു് അദ്ദേഹം ഓർമ്മിപ്പിച്ചു.

ജനറൽ സെക്രട്ടറി ഫാ: ജോൺ തോമസ് സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. ഫാ. ജോർജ്ജ് വറുഗീസ്; ഫാ. സി. ജി. വറുഗീസ്, ഫാ. വൈ. ജോൺ, വറുഗീസ് പേരയിൽ, അലക്സ് ബേബി, സഖറിയാ, ജോയിസ്. കെ. വറുഗീസ് എന്നിവർ പ്രസംഗിച്ചു.

രാവിലെ ഫാ. സി. ജി. വറുഗീസ് കോൺഫറൻസ് ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥി പ്രസ്ഥാനം സ്റ്റുഡൻറ്സ് വൈസ്പ്രസിഡൻറ് പ്രിൻസ് വറുഗീസ് പ്രതിനിധികളെ സ്വാഗതംചെയ്തു.

ഫാ: മാത്യു വൈദ്യൻ പ്രൊഫ. ഉമ്മൻ ഫിലിപ്പ് എന്നിവർ ക്ലാസ് എടുത്തു. 'വിശ്വാസം പ്രവർത്തിയിലൂടെ' എന്നതായിരുന്നു വിഷയം. ഇരുനൂറോളം വിദ്യാർത്ഥി വിദ്യാർത്ഥിനികൾ കോൺഫറൻസിൽ പങ്കെടുത്തു.

ഫാ. പി. വി. ജോസഫ്, പ്രിൻസ് വറുഗീസ്, ബേബിജോൺ, ബിജു. പി. മാത്യു, തോമസ് എം. എൻ. എന്നിവർ കോൺഫറൻസ് പ്രവർത്തനങ്ങൾക്കു് നേതൃത്വം നൽകി.



വിദ്യാർത്ഥി പ്രസ്ഥാനം അടൂർ റീജണൽ കോൺഫറൻസിൽ പൗലൂസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ പ്രസംഗിക്കുന്നു. സ്റ്റുഡൻറ്സ് വൈസ് പ്രസിഡൻറ് പ്രിൻസ് വറുഗീസ്, ഫാ: സി. ജി. വറുഗീസ്, ഫാ. പി. വി. ജോസഫ്, ഫാ: കെ. വി. പോൾ; വറുഗീസ് പേരയിൽ, അലക്സ് ബേബി (ജോയിൻറ് സെക്രട്ടറി) എന്നിവരാണു് വേദിയിൽ.

# ബൈബിൾ സൊസൈററി ശാഖ ഉൽഘാടനം ചെയ്തു

കൊച്ചി– ബൈബിൾ സൊസൈററി കേരള ഓക്സിലറിയുടെ മുളന്തുരുത്തി ബ്രാഞ്ചിൻെറ ഔദ്യോഗിക ഉദ്ഘാടനം മുളന്തുരുത്തി എൽ. പി. സ്കൂൾ ഹാളിൽവെച്ചു് ആഗസ്റ്റ് 7–നു് ബൈബിൾ സൊസൈററി കേരളാഓക്സിലറി പ്രസിഡൻറും, നിരണം ഭദ്രാസനമെത്രാപ്പോലീത്തായുമായ ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽവെച്ചു് യാക്കോബായ സഭയുടെ അങ്കമാലി ഭദ്രാസന സഹായ മെത്രാപ്പോലീത്ത ഡോ: ഏബ്രഹാം മാർ സേവേറിയോസ് നിർവ്വഹിച്ചു.

വിവിധ സഭകളെ പ്രതിനിധീകരിച്ചുകൊണ്ടു് റവ: ഫാ. ററി. വി. തോമസ് (സെക്രട്ടറി ബൈബിൾ സൊസൈററി കേരള ഓക്സിലറി) മേജർ വൈ. കാലോബ്, പാസ്റ്റർ ററി. എം. തോമസ്, പാസ്റ്റർ കെ. ജെ. മാത്യു തുടങ്ങിയവർ ആശംസാപ്രസംഗങ്ങൾ നടത്തി. ഫാ. മത്തായി തെക്കേടത്തു് സ്വാഗതവും ഡോ തോമസ് അമ്പാടൻ നന്ദിയും പറഞ്ഞു. റവ: ഫാ. ജേക്കബ് മണലിൽ ഉൾപ്പെടെ നിരവധി വൈദികരും നൂറുകണക്കിനു് വിശ്വാസികളും യോഗത്തിൽ പങ്കെടുത്തു.

## ക്വിസ് മത്സരം നടത്തി

കോട്ടയം: ഓർത്തഡോക്സ് വൈദിക സെമിനാരിയിലെ തിയോളജിക്കൽ അസോസിയേഷൻെറ ആഭിമുഖ്യത്തിൽ ക്വിസ് മത്സരം നടത്തി. മത്സരത്തിൽ ബിജേഷ് ഫിലിപ്പ്; ഡീക്കൻ പി. കെ. കോശി എന്നിവർ യഥാക്രമം ഒന്നും, രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കി. റവ: ഡോ: വി. സി. ശാമുവേൽ: ഡീക്കൻ: രവി. ജെ. മാത്യൂസ്: ഡീക്കൻ: എം. പി. ജോർജ്ജ്, ഡീക്കൻ: സി. ജി. മാത്യു എന്നിവർ മത്സരത്തിനു് നേതൃത്വം നല്കി.

മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

വാല്യം 5 1988 സെപ്റ്റംബർ 2 ലക്കം 27

## ധ്യാനപീഠം

# ജീവിതമാതൃക

''ഒരു അദ്ധ്യാപകനും തന്റെ ജീവിതം സ്വന്ത ഇഷ്ടംപോലെ നയിക്കുവാൻ കഴിയുകയില്ല'' എന്നു പറയാറുണ്ട്. ഇക്കാര്യംതന്നെ വൈദികരെക്കുറിച്ചും, മാതാപിതാക്കളെക്കുറിച്ചും നേതൃസ്ഥാനത്തായിരിക്കുന്നവരെക്കുറിച്ചുമെല്ലാം പറയാം. അവരുടെ ജീവിതം അത്ഭുതാദരവോടെ സസൂക്ഷ്മം നിരീക്ഷിച്ച് അപ്പാടെ അനുകരിക്കാൻ ശ്രമിക്കുന്ന കുറെപ്പേർ ചുറ്റുപാടുമുണ്ട് എന്നതാണ് അതിന്റെ കാരണം. അദ്ധ്യാപകന് സ്വന്ത ജീവിതം തനിക്കു തോന്നുന്നതുപോലൊക്കെ നയിച്ചുകൊണ്ടു പോകാനുള്ളതല്ല. കാരണം അത് കുരുന്നുമനസ്സുകൾ, കണ്ട് അനുകരിക്കാനാകത്തക്കവിധം അവരുടെ വകയാണ്. അതിൽ താളപ്പിഴകൾ വന്നാൽ അതിന്റെ അലകൾ അനേകരെ ബാധിക്കും. ശ്രദ്ധേയമായ സ്ഥാനം വഹിക്കുന്നവർ തങ്ങളുടെ ചെറിയനീക്കങ്ങളിലും ചലനങ്ങളിലുംപോലും അതീവശ്രദ്ധാലുക്കളായില്ലെങ്കിൽ നേതൃത്വം പരാജയപ്പെടും. അനുയായിയിലെ ചെറിയ വീഴ്ച, നേതാവിലായാൽ വലിയ വീഴ്ചയായി മാറും.

ഇന്ന് ഏററവുമധികം ദൗർലഭ്യമനുഭവപ്പെടുന്നത് നല്ല ജീവിതമാതൃകകൾക്കാണ്. ഏററമധികം ആവശ്യമുള്ളതും, ഏററം കുറച്ച് ലഭ്യമായതും അതുതന്നെ. മനുഷ്യർ എത്ര ദുഷ്ടന്മാരായാലും നല്ല മാതൃകകളെ അംഗീകരിക്കും. അവ 'നല്ല'തായിരിക്കണമെന്നു മാത്രം. മാതൃകകൾ അന്വേഷിച്ച് കിട്ടാതെയായാൽ അവർ അക്ഷമരാകും. മാതൃകകൾ കാണപ്പെടേണ്ടയിടങ്ങളിൽ അത് കണ്ടുകിട്ടാതെയിരുന്നാൽ അങ്ങനെയുള്ള സ്ഥാനങ്ങളിലും വ്യക്തികളിലുമുള്ള വിശ്വാസം കുറയും. ബഹുമാനിതനാകേണ്ടയാളിന്റെ ചെയ്തികൾ പ്രതീക്ഷിച്ചതിൽനിന്നും വളരെയേറെ വില കുറഞ്ഞതായാൽ പിന്നെ അയാളോട് വലിയ ബഹുമാനം തോന്നാതിരുന്നാൽ അത്ഭുതമില്ല.

## ഫാ. ജേക്കബ് ചെറിയാൻ

സഭാ ശുശ്രൂഷാരംഗങ്ങളിലും, ഭരണരംഗങ്ങളിലും അദ്ധ്യയനരംഗങ്ങളിലുമെല്ലാം ഇത് ഇങ്ങനെ തുടരും. ഒരു 'മോഡൽ' ഉണ്ടാക്കുന്നത്, അതുപോലെ വേറെ പലതും നിർമ്മിക്കാനാണ്. മോഡലിനുതന്നെ കാലക്രമത്തിൽ രൂപഭേദം വന്നാൽ, പിന്നെ ഏതിനെ നോക്കിയാണ് മററ് രൂപങ്ങൾ നിർമ്മിക്കേണ്ടത്? ഇതാണ് ആധുനികലോകത്തിലെ ഒരു സാരമായ പ്രശ്നം. നല്ല ജീവിത മാതൃകകൾ ചില പ്രത്യേക മേഖലകളിൽ നിലനില്ക്കണം; മററു സാധാരണ ജീവിതങ്ങൾ ഇടയ്ക്കിടെ അവയെ വന്നു കണ്ടറിഞ്ഞുവേണം, തങ്ങൾ യഥാർത്ഥ സ്ഥിതിയിൽനിന്നും എത്ര അകന്നുപോയിരിക്കുന്നു എന്നു തിരിച്ചറിയാൻ.

ചുമതലകളും അധികാരങ്ങളും വഹിച്ചുകൊണ്ട് അന്യരെ നിയന്ത്രിക്കാൻ ശ്രമിക്കുന്നവർ ജീവിതമാതൃക എന്നതിൽ അങ്ങേയററം ശ്രദ്ധിക്കേണ്ടതുണ്ട്. അധികാരസ്ഥാനത്തിരിക്കുന്നതുകൊണ്ട് സകല കാര്യങ്ങൾക്കും സ്വാതന്ത്ര്യം ഉണ്ട്, ചുമതലാബാഹുല്യംമൂലം നിഷ്ഠ അനിവാര്യമല്ല, എന്നൊക്കെ ചിന്തിക്കുന്ന നേതാവ് സമൂഹത്തിൽ അറിവിനു കാരണമാകും. അധികാരം കൈയാളുന്നവർ സകലത്തിലും മുമ്പത്തേതിലുമേറെ നിഷ്ഠയുള്ളവരായാലേ സംഘത്തിന്റെ പൊതുനടത്തിപ്പ് ഭദ്രമാകൂ. ചുമതല വഹിക്കുന്ന അദ്ധ്യക്ഷനിൽ കുററം കണ്ടാൽ മനുഷ്യർ അവരെ മാത്രമല്ല ദൈവത്തെയും പഴിക്കും.

ആദിമസഭയിൽ ക്രിസ്ത്യാനികളുടെ ജീവിതനിഷ്ഠയും തീക്ഷ്ണതയും, സത്യത്തോടുള്ള ആദരവും അനേകരെ സഭയിലേക്കാകർഷിച്ചു. ഇന്നാകട്ടെ ലോകത്തിലെ മററു മനുഷ്യരിൽനിന്നും ഒരു കാര്യത്തിലും വ്യത്യാസമില്ലാതെ കഴിഞ്ഞുകൂടാനുള്ള വ്യഗ്രതയല്ലേ ക്രിസ്ത്യാനികളിൽ കാണുന്നത്. ഈ ദുർസ്ഥിതി, പുറത്തുള്ളവരെ സഭയിലേയ്ക്ക് ആകർഷിക്കാതിരിക്കുക മാത്രമല്ല; സഭയ്ക്കകത്തുള്ളവർക്ക് ഇച്ഛാഭംഗത്തിനും കാരണമാകുകയും ചെയ്യുന്നു. ദൈവത്തിന്റെ പേരിൽ നടക്കുന്ന പല നെറികേടും അനേകരെ ദൈവത്തിൽനിന്നും അകററുന്നതാണ് എന്ന സത്യം എല്ലാവരും തിരിച്ചറിഞ്ഞെങ്കിൽ!

ഒരുത്തമ സഭാ ശുശ്രൂഷകനായ പൗലൂസ് ശ്ലീഹാ ഇക്കാര്യത്തെപ്പററി വിശദമാക്കുന്നുണ്ട്. ''ഞങ്ങൾ കാരണം മനുഷ്യർ കർത്താവിനെ പഴിക്കാനിടയാകരുത്'' എന്ന നിഷ്ഠ അദ്ദേഹത്തെ ഭരിച്ചിരുന്നു. ഭരണാധികാരികളുടെ സ്വഭാവ സംസ്കരണവും, കളങ്കരഹിതമായ ജീവിതവും, ആരാലും ചോദ്യം ചെയ്യാനാകാത്ത വിധം ശക്തമായി നിലനിന്നില്ലെങ്കിൽ ആകെ കുഴയും. അനുയായികൾക്ക് നേതാവിന്റെ ആത്മാർത്ഥതയിലും ഉദ്ദേശ്യശുദ്ധിയിലുമുള്ള വിശ്വാസം നഷ്ടപ്പെടുന്നത് കാരണമുണ്ടായിട്ടോ അഥവാ അകാരണമായോ ആകാം. പക്ഷെ അങ്ങനെയൊരു സ്ഥിതിവിശേഷമുണ്ടാകാതിരിക്കുന്നതാണ് ഉത്തമം.

മാതാപിതാക്കളിൽ നല്ല മാതൃക കണ്ടു വളരാനിടയാകുന്ന കുഞ്ഞുങ്ങൾ ഭാഗ്യവാന്മാർ. ആ ഭാഗ്യം ലഭിക്കാതെ വളരുന്ന കുഞ്ഞുങ്ങൾ ഏതെല്ലാം വേണ്ടാത്ത വഴിയിൽ സഞ്ചരിക്കുമെന്ന്

(ശേഷം 5–ാം പേജിൽ)

## ധ്യാനവേദി — അദ്ധ്യായം പന്ത്രണ്ട് തുടർച്ച

# ക്രിസ്താനുകരണം

തോമസ്. എ. കെംപിസ്

വിവ: പ്രൊഫ: കെ. വി. തമ്പി

### വിശുദ്ധമായ കുരിശിന്റെ രാജമാർഗ്ഗത്തെപ്പററി

നിങ്ങൾക്കുവേണ്ടിയുള്ള സ്നേഹത്താൽ ക്രൂശിതനായ നിങ്ങളുടെ നാഥന്റെ കുരിശ് പൗരുഷത്തോടെ വഹിക്കുവാൻ പാകത്തിൽ ഒരു നല്ല വിശ്വസ്തനായ ക്രിസ്തുസേവകനെപ്പോലെ നിങ്ങൾ സ്വയം സജ്ജനാകുക. ഈ സന്തോഷരഹിതമായ ജീവിതത്തിൽ എല്ലാത്തരം അസുഖങ്ങളും വർദ്ധിച്ച അളവിലുള്ള പ്രാതികൂല്യങ്ങളും വഹിക്കുവാൻ സ്വയം തയ്യാറാവുക; എന്തെന്നാൽ നിങ്ങൾ എവിടെയായാലും അത് അങ്ങനെതന്നെയാകും. നിങ്ങൾ നിങ്ങളെ എവിടെ ഒളിപ്പിച്ചാലും അങ്ങിനെതന്നെ നിങ്ങൾ അതിനെ കാണും. അത് ഇതുപോലെ ആകണമെന്നത് അതിന്റെ അവകാശമാകുന്നു; മാത്രമല്ല തിന്മ ആനയിക്കുന്ന പ്രയാസത്തിൽനിന്നും ദുഃഖത്തിൽനിന്നും രക്ഷപ്പെടുവാൻ ഒരു വഴിയുമില്ല. മനുഷ്യപ്രകൃതിയിൽ നിർലീനമായതിനെ നിങ്ങൾ സഹിക്കേണ്ടിയിരിക്കുന്നു. അവന്റെ മിത്രമാകാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, അവനോടൊപ്പം പങ്കാളിയാകണമെങ്കിൽ നാഥന്റെ ചഷകം സ്നേഹത്തോടെ പാനംചെയ്യുക. ആദ്ധ്യാത്മിക സൗഖ്യത്തിന്റെ പ്രശ്നം ദൈവത്തിനു വിട്ടുകൊടുക്കുക- അവന്റെ ഇച്ഛയനുസരിച്ച അവൻ പ്രവർത്തിക്കട്ടെ. നിങ്ങളുടെ പ്രയാസങ്ങൾ സഹിക്കുവാൻ മനസ്സിനെ സമർത്ഥമാക്കുക; വാസ്തവത്തിൽ അവയെ മഹത്തമങ്ങളായ സുഖങ്ങളായി പരിഗണിക്കുക; എന്തെന്നാൽ ഉള്ളതായ അഖിലയാതനയും ഏകാകിയായിത്തന്നെ നിങ്ങൾക്ക് സഹിക്കേണ്ടിവന്നാലും, ഈ വർത്തമാനകാലയാതനകളെ പ്രസ്തുത മഹത്വത്തിന്റെ അളവായി ഒരിക്കലും എണ്ണിക്കൂടാ; മാത്രമല്ല അതിനെ നേടുവാൻ അവ മതിയാകുന്നുമില്ല.

ക്രിസ്തുവിന്റെ പേരിൽ പ്രയാസങ്ങൾപോലും മധുരവും സന്ദർപ്പകവും ആയിത്തീരുന്ന ഒരവസ്ഥയെ നിങ്ങൾ പ്രാപിക്കുമ്പോൾ, നിങ്ങളെ സംബന്ധിച്ചിടത്തോളം സർവ്വം ശുഭമെന്ന് നിങ്ങൾ വിചാരിക്കും. കാരണം ഭൂമിയിൽത്തന്നെ പറുദീസാ നിങ്ങൾ കണ്ടുകഴിഞ്ഞു. സഹനത്തെ ഒരു ഭാരമായി നിങ്ങൾ കാണുവോളം, സംഗതികൾ നിങ്ങൾക്കഹിതമായി ഭവിക്കും; മാത്രമല്ല സർവ്വദാ നിങ്ങൾ പ്രയാസത്തിൽനിന്നു പലായനം ചെയ്യുകയുമായിരിയ്ക്കും. എന്നാൽ സഹനവും പ്രാക്തന പ്രകൃതിയുടെ ഹനനവും ആണ് നിങ്ങൾക്ക് അഭിമുഖീകരിക്കേണ്ടവഎന്ന് നിങ്ങൾ അംഗീകരിച്ചാലുടൻ, നിങ്ങളുടെ അവസ്ഥ മെച്ചമാവുകയും നിങ്ങൾ ശാന്തിയറിയുകയും ചെയ്യും.

നിങ്ങൾ പൗലോസിനോടൊപ്പം തൃതീയ സ്വർഗ്ഗത്തോളം ഉയർത്തപ്പെട്ടാലും എല്ലാ പ്രതിബന്ധങ്ങളിൽനിന്നും നിങ്ങൾ സുരക്ഷിതരായി എന്ന് അർത്ഥമാകുന്നില്ല. 'എനിക്ക് ഇനിയും അവനോടു പറയേണ്ടിയിരിക്കുന്നു. യേശു മൊഴിയുകയാണ്, എനിക്കായി അവൻ എത്രമാത്രം സഹനത്തിലൂടെ കടന്നുപോകേണ്ടിയിരിക്കുന്നു.

യേശുവിനെ സ്നേഹിക്കാനും അവനെ നിരന്തരമായി സേവിക്കാനും നിങ്ങളഭിലഷിക്കുന്നെങ്കിൽ നിങ്ങളുടെ മുൻപാകെ സഹനം കാത്തുകിടക്കുന്നു. യേശുവിന്റെ പേരിൽ എന്തെങ്കിലും സഹിക്കുവാൻ മാത്രമെങ്കിലും നിങ്ങൾ യഥാർത്ഥത്തിൽ അർഹനാണെങ്കിൽ– എന്തൊരു മഹത്വമാകും നിങ്ങളെ പ്രതീക്ഷിച്ചിരിക്കുക! ദൈവത്തിന്റെ എല്ലാ വിശുദ്ധന്മാരും എത്രമാത്രം ആഹ്ലാദിക്കും. നിങ്ങൾക്കു ചുററുമുള്ളവർ എത്രമാത്രം ശക്തീകരിക്കപ്പെടും. എന്തെന്നാൽ അഖിലരും സഹിഷ്ണുതയെ പ്രശംസിക്കുന്നു; എന്നാൽ സഹിഷ്ണുവാകുവാൻ സന്നദ്ധരോ അല്പമാത്രം. ലോകത്തിനുവേണ്ടി മോശമായ കാര്യങ്ങൾ അനേകം ആളുകൾ സഹിക്കുമ്പോൾ, ക്രിസ്തുവിനുവേണ്ടി അല്പമായ സഹനത്തെ യുക്തമായി വരിക്കുവാൻ നിങ്ങൾക്കാകണം.

നിങ്ങൾ നയിക്കേണ്ടിയിരിക്കുന്ന ജീവിതം മരിച്ചുകൊണ്ടിരിക്കുന്ന ഒരു ജീവിതമാണെന്ന് നിങ്ങൾക്കുറപ്പിക്കാം. മാത്രമല്ല സഹജപ്രകൃതിക്കെതിരെ ഒരുവൻ മൃതനാകുമ്പോൾ മാത്രമാണ് ദൈവസന്നിധിയിൽ ജീവിക്കുവാൻ ആരംഭിക്കുക. ക്രിസ്തുവിനുവേണ്ടി പ്രതിബന്ധങ്ങളെ സഹിക്കുവാൻ ഒരുവൻ വിധേയപ്പെട്ടില്ലെങ്കിൽ സ്വർഗ്ഗീയവസ്തുതകൾ ഗ്രഹിക്കുവാൻ അവൻ സമർത്ഥനാകുന്നില്ല. ക്രിസ്തുവിനുവേണ്ടിയുള്ള സമ്മതപൂർവ്വമായ സഹനമല്ലാതെ ഇഹലോകത്തിൽ മറെറാന്നുംതന്നെ കൂടുതൽ ആരോഗ്യകരമായോ ദൈവത്തിന് സ്വീകാര്യമായോ ഇല്ല. തീരുമാനം നിങ്ങളുടേതാണെങ്കിൽ സുഖങ്ങൾക്കും ആദ്ധ്യാത്മികമായ ഉന്മേഷങ്ങൾക്കും പകരം, നിങ്ങൾ സഹനവും പ്രതിബന്ധവും തിരഞ്ഞെടുക്കേണ്ടിയിരിക്കുന്നു. എങ്കിൽ നിങ്ങൾ ഏറെ ക്രിസ്തുവിനെപ്പോലെയാകും; എല്ലാ വിശുദ്ധന്മാരോടും കൂടുതൽ സമീപസ്ഥരാകും. നമ്മുടെ നിയോഗത്തിൽ, ആനന്ദങ്ങളിലും സുഖങ്ങളിലുമല്ല യോഗ്യതയും പുരോഗതിയും കാണപ്പെടുക; പകരം മഹാഭാരങ്ങളും പ്രയാസങ്ങളും വഹിക്കുന്നതിലാകുന്നു. സഹനത്തേക്കാളധികമായി മനുഷ്യന്റെ മുക്തിയെ പുരോഗമിപ്പിക്കുന്ന എന്തെങ്കിലുമുണ്ടെങ്കിൽ അതിനെ വാക്കുകൊണ്ടും കർമ്മംകൊണ്ടും ക്രിസ്തു തീർച്ചയായും പ്രകടമാക്കിയിട്ടുണ്ടാകും. എന്തെന്നാൽ തന്നെ അനുഗമിച്ച ശിഷ്യൻമാർക്കും അനുഗമിക്കാൻ വിചാരിച്ച

(ശേഷം 5-ാം പേജിൽ)

## ആരാധനാപഠനം — തുടർച്ച

# ആരാധനാഗീതസമീക്ഷ

പ്രൊഫ. എൻ. ഐ. നൈനാൻ ശൂരനാട്

നാലാം കൗമാ

മാവുർബാ–ഉുബൈക് മറിയം ബസ്ദാവീദ്

ഗീതം–

1 ഹാ നിൻഭാഗ്യം ദാവീദിൻ
മകൾ മറിയാമേ
ദൈവം നിന്നിൽനിന്നു ശ
രീരം പൂണ്ടി–
ടാദാ–മ്യരെയടിമയൊഴി
ച്ചെല്ലാം–വീണ്ടും

2 നി–ബിശ്ലീഹന്മാർ സഹദേ
ന്മാർ
നീതിജ്ഞന്മാർ–ആചാര്യ
ന്മാർ–ലേവിയരായോരേ!
പ്രാർത്ഥിപ്പിൻ മശിഹാ കൃ
പചെയ്‌വാൻ ഞ–ങ്ങടെ
മേൽ

3 നിൻ ഗാത്രം ഭക്ഷിച്ചും
നിൻ–
രക്തം പാനംചെയ്തും ശര
ണത്താൽ മൃതരായോർക്കാ
ശ്വാ–സത്തോടോർമ്മയു മലി
വോടുളവാക്കെൻ–നാഥ–
ബാറെക്മോർ
ശുബഹോ
മെനഓലം

4 മാലാകാനാഥാ! നിന്നുടെ
മാനാതാനും
പരിശുദ്ധന്മാരുമണയ്ക്കും പ്രാ
ർത്ഥനയാൽ
ശുശ്രൂ–ഷകൾ കൈക്കൊണ്ടു
രുൾ ചെയ്യേണം
ആമ്മീൻ

അർത്ഥം–

ദാവീദു പുത്രിയായ മറിയാമേ! നിനക്കു ഭാഗ്യം. ദൈവം നിന്നിൽനിന്നു ശരീരം ധരിച്ചു. ആദാമ്യ സന്തതികളെ എല്ലാവരെയും സാത്താന്റെ അടിമയിൽനിന്ന് സ്വതന്ത്രരാക്കി.

നിബിയകളേ, ശ്ലീഹന്മാരേ, സഹദേന്മാരേ നീതിമാന്മാരേ! ആചാര്യന്മാരേ, ലേവ്യരേ, മശിഹാ ഞങ്ങളോടു കൃപ ചെയ്യുന്നതിനുവേണ്ടി നിങ്ങളെല്ലാവരും പ്രാർത്ഥിക്കേണമേ.

എന്റെ നാഥാ! നിന്റെ തിരുശരീരം ഭക്ഷിക്കയും തിരുരക്തം പാനം ചെയ്കയും ചെയ്തു നിന്നിൽ ശരണപ്പെട്ടുകൊണ്ട് നിദ്രപ്രാപിച്ചിരിക്കുന്ന ഞങ്ങളുടെ മരിച്ചുപോയവരെ ദയവായി ആശ്വസിപ്പിക്കയും അവർക്കു നല്ല ഓർമ്മ ഉണ്ടാക്കുകയും ചെയ്യേണമേ.

ദേവേശാ! നിന്റെ മാതാവും മററു പരിശുദ്ധന്മാരും നിരന്തരമായി നടത്തിക്കൊണ്ടിരിക്കുന്ന പ്രാർത്ഥനകളാൽ ഞങ്ങളോടും കരുണ ചെയ്തു ഞങ്ങളുടെ ശുശ്രൂഷകൾ സ്വീകരിക്കണമേ.

ആമ്മീൻ

നോവൽ

# പുതിയ പുലരികൾ തേടി

അന്തിനാട്ട് ജോസ്

## അദ്ധ്യായം എട്ട്

'ചേച്ചമ്മേ; നീയെന്തു ഭാവിച്ചാണിങ്ങനെ?'

'ഞാൻ വരുന്നില്ല. എൻെറ മകനു സ്ഥാനമില്ലാത്ത ഈ മണ്ണിൽ ഞാൻ ഇനി കാൽ ചവിട്ടില്ല. ജെയ്സനെപ്പോലെ തന്നെ നമ്മുടെ മകനല്ലേ വിൽസണും. അവനെപ്പോലെ വിൽസണും നമ്മളെ അമ്മേ, അപ്പച്ചാ എന്നൊക്കെ വിളിച്ചതല്ലേ? ജയ്സൻെറ പേരിൽ സ്വത്തുക്കൾ എഴുതിക്കൊടുത്തു. സുന്ദരിയായ ഒരു വധുവിനെ അവനു നമ്മൾ തേടിപ്പിടിച്ചു കൊടുത്തു. വിൽസനാകട്ടെ ഇതൊന്നും നമ്മൾ നല്കിയില്ല.'

'ഒററ ശ്വാസത്തിലാണ് ചേച്ചമ്മ അതെല്ലാം പറഞ്ഞവസാനിപ്പിച്ചത്. അത്രയും സംസാരിച്ചപ്പോഴേക്കും അവർ വല്ലാതെ കിതച്ചിരുന്നു. ശ്വാസം തൊണ്ടയിൽ തടയുന്നതുപോലെ. തണുത്ത കാററിൻെറ കുളിരുള്ള അലകൾ ശരീരമാകെ പുണർന്നിട്ടും താനൊരു ഉഷ്ണഗോളത്തിൽനിന്ന് കറങ്ങിത്തിരിയുന്നതുപോലെ ചേച്ചമ്മയ്ക്കു തോന്നി.

ഇനിയും പലതും പറയാനുണ്ട്. ഒരു ദിനം മുഴുവനും പറഞ്ഞാലും തീരാത്ത കാര്യങ്ങൾ. രാത്രി പുലരുവോളം പറയാനുള്ള കാര്യങ്ങളുണ്ട്. പക്ഷേ ശബ്ദം തൊണ്ടയിൽത്തന്നെ തടയുകയാണ്. ശരീരത്തിലൂടെ വിയർപ്പ് ഒഴുകാൻ ആരംഭിക്കുന്നു.

കറിയാച്ചൻ അതെല്ലാം കേൾക്കുന്നതുപോലെ തരിച്ചുനിന്നു. വാസ്തവത്തിൽ അയാളൊന്നും കേൾക്കുന്നുണ്ടായിരുന്നില്ല. കാതുകൾ കൊട്ടിയടഞ്ഞതുപോലെ. മനസ്സ് മരവിക്കുന്നതുപോലെ.

അയാളുടെ മനസ്സിൽ ചിന്തകൾ രൂപം കൊള്ളാൻ ആരംഭിച്ചു. എത്ര ശ്രമിച്ചിട്ടും ഒരു സ്വസ്ഥതയും ലഭിക്കുന്നില്ല. ചേച്ചമ്മയുടെ ഹൃദയം ഇത്ര ആർദ്രമാണെന്ന് കറിയാച്ചൻ സ്വപ്നത്തിൽപോലും കരുതിയിരുന്നില്ല.

അവൾ വിൽസനെ എന്നെന്നേയ്ക്കുമായി മറന്നിരിക്കുമെന്നു കരുതി. പക്ഷേ അവനെ വീണ്ടും കണ്ടപ്പോൾ അവരുടെ ഹൃദയം ഒന്നാകെ കലങ്ങി. മനസ്സിൽ ഒരു തീക്കാററൂതി. എന്തു പറഞ്ഞെങ്കിലും ചേച്ചമ്മയെ ആശ്വസിപ്പിക്കണം. വിജനമായ ഈ നിരത്തിൽനിന്നും അവളെ ബംഗ്ലാവിലേയ്ക്കു തിരിച്ചുകൊണ്ടുപോകണം. അവിടെയെത്തി അവൾ ശാന്തമായി ഒന്നുറങ്ങിയിരുന്നെങ്കിൽ എന്നു കറിയാച്ചൻ പേരറിയാവുന്ന എല്ലാ ദൈവങ്ങളേയും വിളിച്ചു പ്രാർത്ഥിച്ചു.

'ചേച്ചമ്മേ, നീ അകത്തേയ്ക്കു വരൂ; നമുക്കെല്ലാററിനും പരിഹാരമുണ്ടാക്കാം. നീയിങ്ങനെ കൊച്ചുകുഞ്ഞിനെപ്പോലെ ശാഠ്യം പിടിച്ചാലെന്തു ചെയ്യും?'

'ഞാനീക്കാര്യത്തിനു് ഒരു തീരുമാനമറിഞ്ഞിട്ടേ വരുന്നുള്ളു. എൻെറ മകനെ തള്ളിപ്പറയാൻ നിങ്ങൾക്കെങ്ങനെ മനസ്സുവന്നു?'

'നീ പറയുന്നതു കേട്ടാൽ തോന്നും വിൽസൺ നമ്മുടെ മകനല്ലെന്നു്'' വരൂ ...ഇവിടെ നിൽക്കുന്നതു വല്ലവരും കണ്ടാലെന്തു കരുതും?'

ചേച്ചമ്മ അവസാനം മടിച്ചുമടിച്ച് ബംഗ്ലാവിലെത്തി. കറിയാച്ചൻ പറഞ്ഞ ഒരു കാര്യം ശരിയാണെന്ന് ചേച്ചമ്മയ്ക്കു തോന്നി. അവിടെ നില്ക്കുന്നതു് ആരെങ്കിലും കണ്ടാൽ വലിയ കുറച്ചിലാണ്. പിറേറന്നു നാട്ടിൽ പാട്ടാകുന്നത് എന്തൊക്കെയാണെന്ന് ആർക്കും അറിയില്ല.

അവർ വീണ്ടും ബംഗ്ലാവിലെത്തി.

രാത്രിയുടെ യാമങ്ങൾ ഒന്നൊന്നായി കടന്നുപൊയ്ക്കൊണ്ടിരുന്നു.

ഇരുവരും വീണ്ടും കിടക്കയിലേയ്ക്കു വീണു.

രാത്രി ഒന്നുമറിയാത്ത ഒരു ശിശുവിനെപ്പോലെ കടന്നുപൊയ്ക്കൊണ്ടിരുന്നു.

നേരം നന്നേ പുലർന്നുവരുന്നു. എവിടെയോനിന്നും പൂങ്കോഴികൾ നിറുത്താതെ കൂവിക്കൊണ്ടിരുന്നു. അകലെ ഏതോ വയലേലകളിൽനിന്നും തേക്കുപാട്ട് ആരംഭിച്ചിരിക്കുന്നു. പുത്തൻ പ്രഭാതത്തിൻെറ നാന്ദി കുറിക്കാനെന്നവണ്ണം കിഴക്കേമാനത്ത് ചെമ്മാനത്തിൻെറ തുരുത്തുകൾ കാണാമായിരുന്നു.

അതിരാവിലെതന്നെ കറിയാച്ചൻ എണീററു. തലേന്നു രാത്രി കാര്യമായി ഉറങ്ങാൻ കഴിഞ്ഞില്ല. ചേച്ചമ്മയുടെ മാനസികനിലയെപ്പററി ഓർത്തപ്പോൾ കറിയാച്ചൻെറ ഹൃദയത്തിൽനിന്നും ഒരു നെടുവീർപ്പുയർന്നു.

അയാൾ മെല്ലെ അടുത്ത മുറിയിലേയ്ക്കു നോക്കി. ചേച്ചമ്മ നല്ല ഉറക്കമാണ്. അവളും രാത്രി തെല്ലും ഉറങ്ങിക്കാണുകയില്ല. വാസ്തവത്തിൽ തലേന്നു രാത്രി ഒരു കാളരാത്രി തന്നെയായിരുന്നു. ആർക്കും ഉറങ്ങാൻ കഴിയാത്ത, ഹൃദയം തുറന്ന് ചിരിക്കാൻ കഴിയാഞ്ഞ നൊമ്പരങ്ങൾ മാത്രം ഏററു വാങ്ങിയ രാത്രി.

ആ രാത്രിയുടെ തുടർച്ചയാണല്ലോ ഈ പ്രഭാതമെന്നോർത്തപ്പോൾ കറിയാച്ചൻ മുതലാളിക്കു തൻെറ ആത്മാവു വിറയ്ക്കുന്നതായി തോന്നി. ഹൃദയത്തിലെവിടെയോ അഗ്നികുണ്ഡം എരിയുന്നതുപോലെ.

പത്തുമണിയാകുമ്പോഴേയ്ക്കും ജയ്സൺ കാറുമായി വീട്ടിലെത്തും. രണ്ടുദിവസംകൂടി കഴിയുമ്പോൾ അവൻെറ ഭാര്യ സീനയും വീട്ടിലെത്തും.

വിൽസൺ വന്ന കാര്യം അവർ ഒരിക്കലും അറിയാൻ പാടില്ല. പ്രത്യേകിച്ചും സീനയും അവരുടെ ആൾക്കാരും. അവരറിഞ്ഞാൽ തൻെറ മാനവും നിലയുമെല്ലാം ഒരു നിമിഷംകൊണ്ട് നിലംപൊത്തി വീഴും. പിന്നെ നാണക്കേടുകൊണ്ട് തനിക്കാരുടെയും മുഖത്തുനോക്കാൻ വയ്യാതെ വരും.

തൽക്കാലം ജയ്സനെപ്പോലും ചേട്ടൻെറ വരവ് അറിയിക്കാതിരിക്കുന്നതാണ് നന്നെന്ന് കറിയാച്ചനു തോന്നി. അവനറിഞ്ഞാൽ അതു വല്ല വിധേനയും സീനയറിഞ്ഞാലെന്തു ചെയ്യും? തൻെറ ഭർത്താവിൻെറ ജ്യേഷ്ഠനും ഭാര്യയും തെണ്ടിത്തിരിഞ്ഞു നടക്കുകയാണെന്ന് അവളറിഞ്ഞാലത്തെ സ്ഥിതിയെക്കുറിച്ച് സ്വപ്നത്തിൽപോലും കറിയാച്ചനു് ചിന്തിക്ക വയ്യ.

സമയം പിന്നെയും കടന്നുപോയി. മുററത്ത് കാർ വന്നു നിൽക്കുന്ന സ്വരം കേട്ടാണ് ചേച്ചമ്മ പൂമുഖത്തേയ്ക്കു ചെന്നതു്. അവർ നോക്കുമ്പോൾ ജെയ്സൺ കാറിൽനിന്നിറങ്ങി വരുന്നു.

'അമ്മച്ചി!' അവൻ അമ്മയുടെ മുഖത്തേയ്ക്കു് ഉററുനോക്കി ചോദിച്ചു. 'അമ്മച്ചി തലേന്നു രാത്രി കരഞ്ഞോ? കവിളെല്ലാം വല്ലാതെ തുടുത്തിരിക്കുന്നു.'

'ഇല്ല മോനെ.' നീ വേഗം വാ. നമുക്കിത്തിരി ചായ കഴിക്കാം.' അവർ കമനീയമായ ഡൈനിംഗ് റേബിളിനു് ഇരുവശവുമായി ഇരുന്നു. ഒരു കേക്കിൻെറ കഷണം ചവച്ചുകൊണ്ടു് ജെയ്സൺ പറഞ്ഞു. 'പോരുന്ന വഴി ഞാനൊരു കാഴ്ച കണ്ടു. ഒരു ചെറുപ്പക്കാരനും അവൻെറ ഭാര്യയും കൂടി ഒരു റെയിൽവേ പുറമ്പോക്കിൽ മാടം കെട്ടുന്നു. പണ്ടു നാടുവിട്ട നമ്മുടെ ചേട്ടൻെറ അതേ പേരാണ് അയാൾക്ക്— വിൽസൺ!

ചേച്ചമ്മ അറിയാതെ ഒന്നു ഞെട്ടി.

## മൂന്നുലക്ഷത്തി മുപ്പതിനായിരം രക്തസാക്ഷികൾ

ലോക ക്രൈസ്തവ വിജ്ഞാനകോശ കർത്താവായ റവ. ഡോ. ബാരേററിൻെറ ഒരു പഠന റിപ്പോർട്ടനുസരിച്ച് ക്രിസ്തീയവിശ്വാസത്തിനു വേണ്ടി ജീവൻ ബലിയർപ്പിക്കുന്നതിനുള്ള ജനങ്ങളുടെ വാഞ്ഛ മററു നൂററാണ്ടുകളിലേക്കാൾ അധികമാണ് ഈ നൂററാണ്ടിൽ എന്നു കാണിക്കുന്നു. സമീപകാലത്തെ രക്തസാക്ഷികളുടെ എണ്ണം 3,30,000 ആണ്. അടുത്തകാലത്ത് ഉഗാണ്ടയിൽ സംഭവിച്ച കൂട്ട രക്തസാക്ഷിമരണത്തെ ഇതിന് ദൃഷ്ടാന്തമായി അദ്ദേഹം കാണുന്നു. ഇതിലധികവും ക്രൈസ്തവരാണ്.

ഈ നൂററാണ്ടിലെ ഏററവും വലിയതും ഭീകരവുമായ കൂട്ടക്കൊല 1915—ൽ അർമ്മീനിയയിൽ നടന്നതാണ്. ഇതിൽ 7ലക്ഷം ക്രൈസ്തവർ രക്തസാക്ഷികളായി.

കവിത

## ഓണക്കാലം

ഓണക്കാലം വന്നല്ലോ
ഓണപ്പാട്ടുകൾ കേട്ടില്ല
ഓണക്കാലം വന്നല്ലോ
ഓണപ്പൂക്കൾ വിരിഞ്ഞില്ല
ഓണക്കാലം വന്നല്ലോ
ഓണപ്പുലരി ചിരിച്ചില്ല
ഓണക്കാലം വന്നല്ലോ
ഓണക്കോടിയുടുത്തില്ല
ഓണക്കാലം വന്നല്ലോ
ഓണക്കിളികൾ ചിലച്ചില്ല
ഓണക്കാലം വന്നല്ലോ
ഓണക്കുടവയറടഞ്ഞില്ല
ഓണക്കാലം വന്നല്ലോ
ഊഞ്ഞാലെങ്ങും കണ്ടില്ല
ഓണക്കാലം വന്നല്ലോ
ഓണക്കുരവ കേട്ടില്ല
ഓണക്കാലം വന്നല്ലോ
ഓണക്കളികൾ നിരന്നില്ല
ഓണക്കാലം വന്നല്ലോ
ഓണത്തുമ്പിയുണർന്നില്ല
ഓണക്കാലം വന്നല്ലോ
ഓണത്തപ്പനു വല്ലായ്മ

വറുഗീസ് കിഴക്കേമുറി

 പഴയ താളുകൾ പഴയ താളുകൾ പഴയ താളുകൾ

# സ്ളീബായുടെ ദാസൻമാർ

1956 സെപ്തം; 14-ാം തീയതി പുതുപ്പള്ളി നിലയ്ക്കൽ പള്ളിയിൽ വച്ച് നടന്ന സ്ലീബാദാസ സമൂഹത്തിന്റെ വാർഷിക സമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിച്ചുകൊണ്ട് പരിശുദ്ധ ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് ചെയ്ത പ്രസംഗം.

പ്രിയരെ,

നമ്മുടെ ദേഹാസ്വാസ്ഥ്യം മൂലം ഇന്ന് ഇവിടെ വരേണ്ടാ എന്നു വിചാരിച്ചിരിക്കയായിരുന്നു. എങ്കിലും നമ്മുടെ ഒസ്താത്തിയോസ് മെത്രാച്ചന്റെ നിർബന്ധം മൂലമാണ് നാം വന്നതു്. മെത്രാച്ചൻ ഒരു നല്ല ജോലിയാണ് സഭയിൽ ചെയ്തുകൊണ്ടിരിക്കുന്നതു്. അതിനെ പ്രോത്സാഹിപ്പിക്കേണ്ടതു നമ്മുടെ ചുമതലയാണല്ലോ. സുവിശേഷവേല ഏററവും ആഗ്രഹിക്കത്തക്കതും ശ്ലാഘിക്കത്തക്കതുമാണ്. ഈ വേലയ്ക്കു മെത്രാച്ചൻ അദ്ദേഹത്തിന്റെ ചെറുപ്പം മുതലേ ഉത്സാഹിച്ചുവരുന്നതാണ്. അതിന്റെ ഫലമായി ഏകദേശം ഇരുപതിനായിരം പുറജാതികൾ വി. സഭയിൽ ചേർന്നിട്ടുണ്ട്.

പുറജാതികളെ സഭയിൽ ചേർത്താൽ മാത്രം പോരാ; ചേർന്നവരെ സഭയിൽ ഉറപ്പിക്കുകയും വേണം. ഉറപ്പിക്കാത്തപക്ഷം വല്ല വിഷമമോ പ്രയാസമോ വരുമ്പോൾ അവർ സഭവിട്ടുപോകാൻ ഇടയാകും. സഭയിലെ ഏററവും വലിയ മിഷണറിയായ വി. പൗലൂസ് ശ്ലീഹാ അനേകം സ്ഥലങ്ങളിൽ ചുററി സഞ്ചരിച്ച് സഭ സ്ഥാപിക്കുകയും വീണ്ടും ആ സ്ഥലങ്ങളിൽപോയി സഭയിൽ ചേർന്നവരെ ഉറപ്പിക്കുകയും ചെയ്തുവന്നു. അപ്രകാരം ഒസ്താത്തിയോസ് മെത്രാച്ചനും ചെയ്തുവരുന്നുണ്ട് എന്ന് അറിയുന്നതിൽ നമുക്കു സന്തോഷമുണ്ട്. മുമ്പു പല സ്ഥലങ്ങളിലും സഭയിൽ ചേർന്നവരെ ഉറപ്പിച്ചു നയിച്ചുകൊണ്ടുപോകുവാൻ ആളില്ലായ്കയാൽ അവർ നഷ്ടപ്പെട്ടുപോയി. അങ്ങനെ നഷ്ടപ്പെട്ടുപോകാതിരിക്കാൻ കൂടുതൽ ശ്രദ്ധ പതിക്കേണ്ടതാണ്.

ആദ്യകാലങ്ങളിൽ സഭയിൽ ചേർന്നവർ ഈ നാട്ടിലെ ഉയർന്ന ജാതികളും അന്നത്തെ നിലയിൽ ഉന്നത സംസ്കാരമുള്ളവരും ആയിരുന്നു. അവർ സ്വാഭാവികമായിത്തന്നെ നല്ല ഉറപ്പുള്ളവരും ആയിരുന്നു. എന്നാൽ ഇപ്പോൾ അധഃകൃതരാണ് മിക്കവാറും സഭയിൽ ചേർന്നുകൊണ്ടിരിക്കുന്നതു്. അവരെ വിശ്വാസത്തിൽ ഉറപ്പിക്കത്തക്കവണ്ണം വേണ്ടതെല്ലാം ചെയ്യണം.

സുവിശേഷ പ്രചരണംചെയ്തു വിജാതികളെ വി. സഭയിൽ ചേർക്കുന്നതുപോലെ തന്നെ അവരെ വിശ്വാസത്തിലും ദൈവഭയത്തിലും ഉറപ്പിച്ചു നിലനിർത്തുന്നതും സുവിശേഷവേലയാണ്. അതിനു വേണ്ടുന്ന ധനസഹായങ്ങൾ നാം നൽകുമ്പോൾ അതും ഒരു സുവിശേഷ പ്രവർത്തനമാണ്.

സഭയിലെ ഓരോ വ്യക്തിയും ഓരോ മിഷനറിയായിരിക്കണം. സഭാംഗങ്ങളെല്ലാം ഏതെങ്കിലും വിധത്തിൽ സുവിശേഷ വേലയുമായി ബന്ധപ്പെട്ടു നിൽക്കണം. യഥാർത്ഥ ക്രിസ്തീയ ജീവിതം ഒരു വലിയ മിഷനറി വേലയാണ്. എന്തെന്നാൽ പ്രസംഗത്തെക്കാൾ പ്രവൃത്തിയേയും ജീവിതത്തെയുമാണ് മററുള്ളവർ നോക്കുന്നതു്. പുറജാതിയിൽനിന്നും സഭയിൽ ചേരുന്നവർക്ക് നാം നെല്ലും പണവും മററും സംഭാവനയായി കൊടുക്കുമായിരിക്കും. എന്നാൽ അതിലുപരിയായിട്ടുള്ളതു് നമ്മുടെ ജീവിത മാതൃകയാണ്. അതു മൂലമാണ്. അവരെ സ്ഥിരപ്പെടുത്തേണ്ടതു്. ഇക്കാലത്തു നമ്മുടെ ഇടയിൽ ദൈവഭക്തി കുറഞ്ഞിരിക്കുന്നു. ദൈവത്തെ യഥാർത്ഥമായി സേവിക്കുന്നവരും സഭയുടെ വിശ്വാസത്തിൽ ഉറപ്പുള്ളവരും നമ്മിൽത്തന്നെ കുറഞ്ഞുപോകുന്നില്ലേ? മററുള്ളവരെ ഉറപ്പിക്കണമെങ്കിൽ നാം തന്നെ ഉറപ്പുള്ളവരായിരിക്കണം.

നമ്മുടെകൂടെ ചേർന്നിട്ടുള്ള താണജാതിക്കാരായ സഹോദരന്മാരെ ലോകപ്രകാരം സഹായിക്കേണ്ടതു് അവരുടെ ഉറപ്പിനാവശ്യമാണ്. അശക്തരുടെ ബലഹീനതകളെ ചുമക്കുവാനും ബലഹീനരെ താങ്ങുവാനും അപ്പോസ്തോലൻ ആവശ്യപ്പെടുന്നു. (റോമ. 15:1, 1 തെസ. 5:14) ആത്മീകമായും ലൗകീകമായും ബലഹീനർക്കു നാം സഹായിക്കണം. 'നിന്റെ കണ്ണിൽ കോലിരിക്കുമ്പോൾ മറെറാരുത്തന്റെ കണ്ണിലെ കരട് എടുത്തു കളയാൻ കഴിയുന്നതല്ല.' അതിനാൽ നമ്മുടെ കണ്ണിൽ കോലില്ലാതിരിക്കത്തക്കവണ്ണം നാം ശുഷ്കാന്തിയുള്ളവരായിരിക്കണം. ഇന്നാർ പള്ളിയിൽ പോകുന്നില്ല, നോമ്പുനോക്കുന്നില്ല, കുർബാന അനുഭവിക്കുന്നില്ല, മോഷ്ടിച്ചു, ദൂഷണം പറഞ്ഞു, പിന്നെ ഞങ്ങൾ എന്തുചെയ്യണം എന്ന്, പുതുതായി സഭയിൽ ചേർന്നിട്ടുള്ളവർ ചോദിക്കത്തക്ക നിലയിലായിരിക്കരുതു്, നമ്മുടെ ജീവിതം.

സുവിശേഷ വേലക്കാർ പ്രതിഫലത്തിനുവേണ്ടി ജോലി ചെയ്യുന്നവരായിരിക്കരുതു്. മിഷനറിവേലയെ മററ് ഏതെങ്കിലും തൊഴിലുകളെപ്പോലെ ഒരു ഉപജീവനമാർഗ്ഗമായി ഗണിക്കരുതു്. പൗലൂസ് അപ്പോസ്തോലൻ സുവിശേഷവേലയെ ഒരു ഉപജീവനമാർഗ്ഗമായി കരുതിയിരുന്നില്ല. 'ആരുടെയും വെള്ളിയോ പൊന്നോ വസ്ത്രമോ ഞാൻ മോഹിച്ചിട്ടില്ല, എന്റെ മുട്ടിനും എന്നോടുകൂടിയുള്ളവർക്കുംവേണ്ടി ഞാൻ ഈ കൈകളാൽ അദ്ധ്വാനിച്ചു' (നടപ്പ് 20:34) എന്നാണ് അപ്പോസ്തോലൻ പറഞ്ഞിരിക്കുന്നതു്.

മിശിഹാതമ്പുരാൻ തന്റെ ശിഷ്യന്മാരെ സുവിശേഷവേലയ്ക്കു ഈരണ്ടീരണ്ടായിട്ട് അയച്ചു. ചെരിപ്പും പൊക്കണവും കൂടാതെയാണ് അയച്ചതു്. എങ്കിലും അവർക്കു വല്ല കുറവുമുണ്ടായോ എന്ന് ചോദിച്ചപ്പോൾ ഒരു കുറവുമുണ്ടായില്ല എന്നായിരുന്നു അവരുടെ മറുപടി. എന്തെന്നാൽ വേലക്കാരൻ തന്റെ കൂലിക്കു യോഗ്യനാകുന്നു. തന്റെ ദാസന്മാർക്ക് എന്തെല്ലാമാണ് ആവശ്യമുള്ളതെന്ന് താൻ അറിയുന്നു. അവരോടുകൂടെയും അവരിൽക്കൂടിയും പ്രവർത്തിക്കുന്നതും താനാകുന്നു.

1950 വർഷങ്ങൾക്കുമുമ്പ് മാർത്തോമ്മാശ്ലീഹാ ഇവിടെ വന്നു. ആ ഒരാളിന്റെ വേലയുടെ ഫലമാണ് ഇപ്പോൾ ഇവിടെയുള്ള സഭ. അദ്ദേഹം അന്ന് പേർഷ്യാ, ഇൻഡ്യാ, ചൈനാ എന്നീ സ്ഥലങ്ങളിലെല്ലാം സഞ്ചരിച്ച് അനേകരെ കർത്താവിങ്കലേക്ക് അടുപ്പിച്ചു. എന്നാൽ പിൽക്കാലത്ത് മിഷനറി വേലയ്ക്ക് എന്നു പറഞ്ഞ് നമ്മുടെ സഭയെ ഇല്ലായ്മ ചെയ്യാനും ചിലർ വന്നിട്ടുണ്ട്. അവരുടെ ഉദ്ദേശസാദ്ധ്യത്തിനുവേണ്ടി ഏതു കള്ളവും പറവാനും പ്രവർത്തിക്കുവാനും അവർക്കു മടിയില്ല. നിറുകംതല മുതൽ ഉള്ളംകാൽ വരെ വ്യാജംതന്നെ. വ്യാജം പിശാചിന്റേതാണ്. 'ആകൽക്കറുസ്സാ വ്യാജം പറയുമ്പോൾ തന്റെ സ്വന്തത്തിൽനിന്നു പറയുന്നു. എന്തെന്നാൽ അവൻ വ്യാജക്കാരനും വ്യാജത്തിന്റെ പിതാവുമാണ്.' നമ്മുടെ കർത്താവു സത്യമായിരുന്നു. സത്യത്തിനു സാക്ഷിനില്പാൻ താൻ വന്നു. ക്രിസ്ത്യാനികളും സത്യത്തെയാണു സാക്ഷിക്കേണ്ടതു്. 'സത്യത്തിന്റെ വചനത്തെ നേരായി വിഭജിക്കുന്ന ഇടയന്മാരെ എഴുന്നേല്പിക്കേണമേ'. എന്നാണല്ലോ നാം പ്രാർത്ഥിക്കുന്നതു്. ക്രിസ്ത്യാനികൾ സത്യമുള്ളവരും, സത്യത്തിനുവേണ്ടി ജീവിക്കുന്നവരും, സത്യത്തിനുവേണ്ടി ജീവൻവയ്ക്കാൻ സന്നദ്ധതയുള്ളവരും ആയിരിക്കണം. ക്രിസ്ത്യാനികൾ ക്രിസ്ത്യാനികളായിരിക്കണം. യഥാർത്ഥമായ ക്രിസ്തീയത്വം പൊയ്പോയാൽ അതു വലിയ ആപത്തായിത്തീരും. പണവും പ്രതാപവുമെല്ലാം കാണുമ്പോൾ ഇക്കാലത്തു പലരും തങ്ങളുടെ ക്രിസ്ത്യാനിത്വം വിസ്മരിച്ചുപോകുന്നു. ഇക്കാലത്തു മാത്രമല്ല മുൻകാലത്തും ചിലരെല്ലാം ഇപ്രകാരം വീണുപോയിട്ടുണ്ട്. 4-ാം നൂററാണ്ടിൽ പേർഷ്യയിൽ സാപ്പോറിന്റെ പീഡയുടെ കാലത്ത് അനേകം സത്യവിശ്വാസികൾ രക്തസാക്ഷികളായിത്തീർന്നു. ധാരാളം പണവും വസ്തുവകകളും ഉള്ള ഒരു പട്ടക്കാരൻ ഇവയെല്ലാം അയാൾക്കു നഷ്ടപ്പെട്ടുമെന്നു കണ്ടപ്പോൾ പുറജാതികളോടു ചേർന്നുനിന്നുകൊണ്ട് തന്റെ സ്വന്തം ആളുകളെ കൊലചെയ്കയുണ്ടായി. അയാൾ തന്നെ സഭയിൽ ചേർത്തവരെ കൊല്ലുവാനാണ് അയാൾ നിർബന്ധിതനായതു്. 'ഞങ്ങളെ മാമോദീസാ മുക്കിയ അതേ കൈകൾകൊണ്ടു തന്നെ കിരീടം ധരിപ്പിക്കപ്പെടുവാനും ഞങ്ങൾക്കു ഭാഗ്യമുണ്ടായതിൽ ഞങ്ങൾ ദൈവത്തെ സ്തോത്രം ചെയ്യുന്നു' എന്നു പറഞ്ഞാണ് അവർ മരണം വരിച്ചതു്.

നമ്മുടെ പ്രവൃത്തികൾ ദൈവതിരുനാമ മഹത്വത്തിനായിരിക്കണം. എന്നാൽ ആത്മീയ പ്രവൃത്തനങ്ങളിൽപോലും സ്വന്തം പ്രമാണിത്വം കാണിക്കുന്നതിനാണ് പലരും ശ്രമിക്കുന്നതു്. സപ്രേന്മാരും പ്രീശേന്മാരും ഇങ്ങനെ ആയിരുന്നു. അവർ പ്രാർത്ഥിക്കുന്നവരും നോമ്പുനോക്കുന്നവരും ആയിരുന്നു. പക്ഷേ, അതു മററുള്ളവർ അവർ ഭക്തന്മാരാണെന്നു കണ്ട് അവരെ ബഹുമാനിക്കുന്നതിനുവേണ്ടി ആയിരുന്നു. അതു കപടഭക്തിയാണ്. കപടഭക്തിയെ കർത്താവ് അത്യന്തം വെറുത്തിരുന്നു. 'നിങ്ങളുടെ നീതി സപ്രേന്മാരുടെയും പ്രീശേന്മാരുടെയും നീതിയെ കവിയുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിപ്പാൻ കഴികയില്ല' എന്നാണു കർത്താവു കല്പിക്കുന്നതു്. 'നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ കപടഭക്തിക്കാരെപ്പോലെ ആകരുതു്. അറയിൽ കടന്നു വാതിൽ അടച്ച് രഹസ്യത്തിലുള്ള നിങ്ങളുടെ പിതാവിനോടു പ്രാർത്ഥിപ്പിൻ' (മത്താ. 6:5) നമ്മുടെ പ്രാർത്ഥനയും നോമ്പും പ്രസംഗവും പെരുന്നാളുമെല്ലാം ദൈവതിരുനാമ മഹത്വത്തിനായിരിക്കണം. അതു നമ്മുടെ രക്ഷയ്ക്കും നമ്മിലേക്കു വരുന്നവരുടെ രക്ഷയ്ക്കും കാരണമായിത്തീരും. നമ്മുടെ രക്ഷയെ നാം അഗണ്യമാക്കിക്കളയുന്നതിനാലാണു മററുള്ളവരുടെ രക്ഷയെപ്പററിയും നമുക്കു വിചാരമില്ലാത്തതു്.

നമ്മിലേക്കു വരുന്ന പുറജാതികളെപ്പററി നാം കരുതലുള്ളവരായിരിക്കണം. യഹൂദന്മാരും അവരുടെ മതത്തിൽ ആളുകളെ ചേർത്തു വന്നു. കർത്താവ് അവരോട് പറയുന്നതു് 'നിങ്ങൾ ഒരുത്തനെ മതത്തിൽ ചേർക്കുവാൻ കരയും കടലും ചുററി നടക്കുന്നു. ചേർന്ന ശേഷം അവനെ നിങ്ങളെക്കാൾ ഇരട്ടിച്ച നരകയോഗ്യൻ ആകുന്നു. ('ലൂക്കോ 23:14) ഇങ്ങനെ നമ്മളെപ്പററി പറയാൻ ഇടയാകരുതു്. നമ്മോടുകൂടി ചേരുന്നവർ നമ്മുടെ മാതൃകാ യോഗ്യമല്ലാത്ത പ്രവൃത്തികളെയും ജീവിതത്തെയും കണ്ട് അതുപോലെ ജീവിക്കാൻ ഇടയായാൽ അവരെ സഭയിൽ ചേർത്തതുകൊണ്ട് എന്തു പ്രയോജനം?

സ്ലീബാപ്പെരുന്നാൾ ദിനത്തിലാണല്ലോ സ്ലീബാദാസ സമൂഹം സ്ഥാപിക്കപ്പെട്ടതു്. സ്ലീബാദാസന്മാർ കുരിശിന്റെ ദാസന്മാരാണ്. 'എന്റെ പിന്നാലെ വരുവാൻ ഇച്ഛിക്കുന്നവൻ കുരിശെടുത്തു് എന്നെ അനുഗമിക്കണ'മെന്നാണു കർത്താവു കല്പിക്കുന്നതു്. കുരിശിനു രണ്ടു വശമുണ്ട്. ഒന്നു കഷ്ടതയും ഞെരുക്കവും മരണവുമാണ്. എന്നാൽ മറുവശമോ, ഉയിർപ്പും ആനന്ദവും. ഈ ലോകത്തിൽ ജീവിക്കുന്നവർ—വലിയവരും ചെറിയവരുമെല്ലാം— കുരിശെടുത്തേ മതിയാവൂ. എന്നാൽ കുരിശു മൂന്നുവിധമുണ്ട്. കർത്താവിന്റെ കുരിശുമാത്രമല്ല ഇടവും വലവും കള്ളന്മാരുടെ ഒരോ കുരിശുമുണ്ട്. ഇതിൽ നടുവിലത്തെ കുരിശു— ദൈവപുത്രന്റെ കുരിശ്— ആണു നാം എടുക്കേണ്ടതു്. ഇതെടുക്കാൻ നമുക്കു സാധിക്കയില്ലെങ്കിൽ വലത്തുഭാഗത്തെ കള്ളന്റെ കുരിശെങ്കിലും നാം എടുക്കണം. ആ കുരിശ് അനുതാപിയുടേതാണ്. അനുതാപം വലത്തുഭാഗത്തെ കള്ളനെപ്പോലെ നമ്മെ പാപമോചനത്തിലേക്കു നയിക്കും. ഇടത്തു ഭാഗത്തെ കള്ളന്റെ കുരിശ് നാം എടുക്കരുതു്. അവൻ കുരിശിൽ കഷ്ടത സഹിച്ചുകൊണ്ടിരുന്നപ്പോഴും ദൈവത്തെ ദുഷിക്കയാണല്ലോ ചെയ്തതു്. അതു അനുതാപിയുടെ കുരിശല്ല. പാപിയുടെ കുരിശാണ്. എന്നാൽ കർത്താവിന്റെ കുരിശു വേണം നാം എടുക്കുവാൻ. ''ഞാൻ മുങ്ങുന്ന മാമോദീസ്സാ മുങ്ങുവാനും ഞാൻ കുടിക്കുന്ന കാസ്സാ കുടിക്കുവാനും. നിങ്ങൾക്കു കഴിയുമോ'' എന്നു കർത്താവു നമ്മോടു ചോദിക്കുന്നു. ഈ കുരിശിൽ കഷ്ടതകളും ബുദ്ധിമുട്ടും പ്രയാസങ്ങളും ഞെരുക്കവുമുണ്ട്. എങ്കിലും അതിന്റെ മറുവശം ഉയിർപ്പും മഹത്വവുമാണ് ഈ കുരിശെടുക്കുന്നവനു കിരീടം ലഭിക്കും. സ്ലീബാദാസ സമൂഹത്തിൽ പ്രവർത്തിക്കുന്ന കുരിശിന്റെ ദാസന്മാർക്കു പല കഷ്ടപ്പാടുകളും ഞെരുക്കങ്ങളുമുണ്ട് എന്നു നമുക്കറിയാം. എങ്കിലും ആദ്യത്തെപോലുള്ള ഞെരുക്കം ഇപ്പോൾ ഇല്ല എന്ന് കാണുന്നതിൽ സന്തോഷമുണ്ട്.

പ്രിയരെ, നാമേവരും ഈ ലോകത്തിൽനിന്നും കടന്നുപോകേണ്ടവരാണ്. നാം കടന്നുപോകുമ്പോൾ കർത്താവിന്റെ കുരിശിൽ നമുക്കഭയമുണ്ടായിരിക്കണം. അതു നമ്മെ ബലപ്പെടുത്തും. നീതിമാനും ദുഷ്ടനും മരിക്കുന്നു. ആരാണ് നീതിമാൻ, ആരാണ് ദുഷ്ടൻ എന്നു നമുക്കു വിധിപ്പാൻ നിവൃത്തിയില്ല. മനുഷ്യന്റെ വിധി തെററാവുന്നതാണ്. വനാന്തരങ്ങളിൽ തപസ്സുചെയ്തിരുന്ന ഒരു ദയറായക്കാരനെ നീതിമാന്റെയും ദുഷ്ടന്റെയും മരണം കാണിപ്പാൻ ഒരിക്കൽ ദൈവം തിരുവിഷ്ടമായി. 'യദിനോ' എന്നു പറയപ്പെടുന്ന ഒരു മൃഗം അദ്ദേഹത്തിന്റെ കുപ്പായത്തിന്റെ വിളമ്പിൽ കടിച്ചുവലിച്ചു. അദ്ദേഹം അതിന്റെ പിന്നാലെ പോയി. പട്ടണത്തിലുള്ള ഒരു ദയറായുടെ പടിക്കൽ വരെ ആ മൃഗം അദ്ദേഹത്തെ കൊണ്ടുപോയി. അവിടെ പുണ്യവാൻ എന്നു പരക്കെ വിചാരിക്കപ്പെട്ടിരുന്ന ഒരു ദയറാക്കാരൻ മരിക്കാറായിക്കിടക്കുകയായിരുന്നു. അനേകംപേർ അദ്ദേഹത്തെ ശുശ്രൂഷിച്ചുകൊണ്ടു കിടക്കയ്ക്കു ചുററും നിന്നിരുന്നു. അദ്ദേഹം മരിക്കുമല്ലോ എന്നോർത്ത് ആ പട്ടണം മുഴുവൻ വിലപിച്ചുകൊണ്ടിരുന്നു. അങ്ങനെയിരിക്കുമ്പോൾ കറുത്ത വിരൂപികളായ രണ്ടുപേർ കയറിവന്നു. അവരുടെ കയ്യിൽ രണ്ടു വലിയ കുന്തവുമുണ്ടായിരുന്നു. അവർ മുറിയിലേയ്ക്കു കയറി. അപ്പോൾ ഒരു ശബ്ദം ഈ സന്യാസി കേട്ടു. 'അവൻ ജീവിതകാലത്ത് എന്നെ ആശ്വസിപ്പിച്ചില്ല, അതിനാൽ നിങ്ങൾ അവനെ ആശ്വസിപ്പിക്കരുതു്.' ഇതു് കേട്ടയുടൻ അവരിൽ ഒരുവൻ കൈയിലിരുന്ന

(ശേഷം 6-ാം പേജിൽ)

# വിശുദ്ധസഭ

## ദൈവ സംസർഗവും മിസ്റ്റിക്കൽ ഐക്യവും

എല്ലാ ബലിയുടേയും ഉദ്ദേശം ദൈവവുമായുള്ള സംസർഗ്ഗമാണ്. (Communion with God) പുതിയനിയമ ബലിയായ വിശുദ്ധ കുർബാനയുടെയും ഉദ്ദേശം അതുതന്നെ വി. കുർബാനയിലെ ശരീരരക്തങ്ങൾ മനുഷ്യനായിത്തീർന്ന ദൈവത്തിന്റെ ശരീരരക്തങ്ങളാകയാൽ അവയെ അനുഭവിക്കുമ്പോൾ തന്റെ മനുഷ്യത്വവും നമ്മുടെ മനുഷ്യത്വവും ഒന്നായിത്തീരുകയത്രെ ചെയ്യുന്നത്. തന്റെ മനുഷ്യത്വമാകട്ടെ ദൈവത്വത്തിൽനിന്നും വേർതിരിക്കുവാൻ പാടില്ലാത്തവണ്ണം അതോടൊന്നായിത്തീർന്നിരിക്കുന്നതിനാൽ വി. കുർബാനാനുഭവം മുഖാന്തിരം നാം തന്റെ ദൈവത്വത്തോട് തന്റെ മനുഷ്യത്വം വഴിയായി ഐക്യപ്പെടുകയത്രെ ചെയ്യുന്നത്. തന്റെ ദൈവത്വമോ പിതൃപുത്ര പരിശുദ്ധാത്മാവെന്ന ത്രിമൂർത്തികളായി വസിക്കുന്നതിനാൽ വി. ത്രിത്വവുമായുള്ള സംസർഗ്ഗത്തിലേക്കു വി: കുർബാനാനുഭവം നമ്മെ കൊണ്ടുവരുന്നു.

വി: കുർബാനയുടേതു മാത്രമല്ല; എല്ലാ കൂദാശകളുടെയും ഉദ്ദേശം അതുതന്നെ. അതായതു് വിശ്വാസിയും, വി: ത്രിത്വവുമായുള്ള മിസ്റ്റിക്കലൈക്യം. മാമോദീസാ അതിന്റെ പ്രാരംഭമാണ്. മൂറോൻ അതിനെ ശക്തിപ്പെടുത്തുന്നു. വി: കുർബാന അതിനെ പുഷ്ടിപ്പെടുത്തുന്നു. കുമ്പസാരം വീഴ്ചയിൽനിന്നും അതിനെ ഉദ്ധരിക്കുന്നു. ഇങ്ങനെ ഓരോ കൂദാശയും അതാതിന്റെ കൃപകളെ ദാനം ചെയ്തുകൊണ്ട് നാമും ദൈവവുമായുള്ള സംസർഗ്ഗത്തെ സുദൃഢമാക്കുന്നു.

ഈ സംസർഗ്ഗത്തിന്റെ വ്യാപ്തിയും സ്വഭാവവുമാണ് യോഹ. 15:4–5; 17:21–23; 6:54–57; എന്നീ വേദഭാഗങ്ങളിൽ കാണുന്നതു്. It is a union of life, a Communion of Super natural life, a Participation of the divine nature.

2. പത്രോ 1:4 അതു ജീവനുമായുള്ള ഐക്യവും, ദിവ്യജീവനുമായുള്ള സംസർഗ്ഗവും, ദൈവ സ്വഭാവവുമായുള്ള കൂട്ടായ്മയുമാകുന്നു.

### മിസ്റ്റിക്കലൈക്യവും ശുദ്ധസംസർഗ്ഗവും

### (Mystical union and the Communion of Saints)

വി. സംസർഗ്ഗം എന്നാലെന്താകുന്നു? സ്വർഗ്ഗത്തിനുള്ള അവകാശം നിശ്ചയമായിട്ടുള്ളവരും, അവരുടെ മദ്ധ്യസ്ഥതയിൽ ഭൂമിയിലുള്ളവർക്കു് സഹായം ലഭ്യമാകത്തക്കവണ്ണം ദൈവസ്നേഹത്തിൽ വസിക്കുന്നവരുമായ ശുദ്ധിമാന്മാരോടും, ശുദ്ധിമതികളോടുമുള്ള കൂട്ടായ്മയാകുന്നു വിശുദ്ധ സംസർഗ്ഗമെന്നു പറയുന്നതു്. നാം വിശുദ്ധന്മാരെ ബഹുമാനിക്കുകയും, ആദരിക്കുകയും ചെയ്യുന്നതു് അവരിലുള്ള ദിവ്യമായ ശ്രേഷ്ഠത നിമിത്തമാണ്. (Super natural Excllence) ഈ ശ്രേഷ്ഠത ദൈവത്തിന്റെ ദാനമായി അവരിലിരിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തനം മൂലമാകയാൽ പരിശുദ്ധന്മാരെ ബഹുമാനിക്കുകയെന്നുള്ളതു് അന്ത്യമായ അപഗ്രഥനത്തിൽ ദൈവത്തെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നതിന്റെ ഭാഗംമാത്രമാണെന്നു് കാണുവാൻ കഴിയും. നാം പരിശുദ്ധന്മാരെ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്നു (Honour and Venerate). എന്നാൽ ദൈവത്തെപോലെ നാം അവരെ ആരാധിക്കുകയോ, നമസ്ക്കരിക്കുകയോ (adore or Worship) ചെയ്യുന്നില്ല. ആരാധനയും നമസ്കാരവും ദൈവത്തിനു കടപ്പെട്ടതാകുന്നു. പരിശുദ്ധന്മാരുടെ വിശുദ്ധിയെ നാം കൊണ്ടാടുകയും, അവരുടെ ദൃഷ്ടാന്തത്തെ നാം അനുകരിക്കുകയും, അവരുടെ പ്രാർത്ഥനയിൽ നാം അഭയം പ്രാപിക്കുകയും ചെയ്യുന്നു. ദൈവത്തിൽനിന്നും അവക്കു ലഭിച്ചിട്ടുള്ള കൃപയ്ക്കു തക്കവണ്ണം അവരുടെ പ്രാർത്ഥനകൾ നമുക്കു ഫലപ്രദമായിത്തീരുന്നു. കൃപനിറഞ്ഞവളായ വിശുദ്ധ മാതാവിനു ലഭിച്ച പ്രത്യേക കൃപകൾ നിമിത്തം വിശുദ്ധ മാതാവിനെ നാം പ്രത്യേകം ബഹുമാനിക്കുന്നു. 'ഇതു മുതൽ സകല വംശങ്ങളും എന്നെ ഭാഗ്യവതിയെന്നു വാഴ്ത്തും'.

(മറിയാമിന്റെ പാട്ട്: ലൂക്കോ 1:46)

വാങ്ങിപ്പോയ പരിശുദ്ധന്മാരോടുള്ള നമ്മുടെ സംസർഗ്ഗം ക്രിസ്തുമതത്തിന്റെ അതിശ്രേഷ്ഠമായ അനുഭവങ്ങളിലൊന്നാണ്. ഈ അനുഭവവും നമുക്കു ഗോചരമാകുന്നതു് ക്രിസ്തുവിന്റെ മിസ്റ്റിക്കൽ ഗാത്രത്തിൽക്കൂടി മാത്രമാണ്. മശിഹായിൽ നമ്മെപ്പോലെതന്നെ അവരും, സജീവന്മാരും ഒരേ ശരീരത്തിലെ അവയവങ്ങളുമാകുന്നു. തലയാകുന്ന ക്രിസ്തുവിനോടു നാം ഐക്യപ്പെട്ടിരിക്കുന്നതുപോലെ, അവരും ഐക്യപ്പെട്ടിരിക്കുന്നതിനാലാണ്, അവരെ നാം അറിയുകയും, ബഹുമാനിക്കുകയും, അവരോട് അപേക്ഷിക്കുകയും സംസർഗ്ഗം ചെയ്യുകയും ചെയ്യുന്നതിനു സാധിക്കുന്നതു്. ഈ ലോകത്തോടു ശരീരപ്രകാരമുള്ള ബന്ധം അവസാനിച്ചിരിക്കുന്നതിനാൽ ദൈവ സംസർഗ്ഗത്തിൽ നമ്മെക്കാൾ ഉപരിയായി അവർ കഴിഞ്ഞുകൂടുന്നു.

ക്രിസ്തുവുമായുള്ള മിസ്റ്റിക്കലൈക്യത്തിന്റെ വ്യാപ്തി ക്രിസ്തുമതാനുഭവങ്ങൾക്കു് എത്രകണ്ടു മർമ്മപ്രധാനമായ കാര്യമാകുന്നു എന്നു് മേൽപറഞ്ഞ സംഗതികളിൽനിന്നും ഗ്രഹിക്കാവുന്നതാണ്. ഈ മിസ്റ്റിക്കലൈക്യം നമ്മുടെ വീണ്ടെടുപ്പിന്റെയും, ദൈവവുമായി രഞ്ജിക്കുന്നതിനും, ദൈവവുമായി സംസർഗ്ഗം ചെയ്യുന്നതിനുമുള്ള വിശുദ്ധ കുർബാനാർപ്പണത്തിന്റെയും, അനുഭവത്തിന്റെയും, ആധാരമാകുന്നു. നമ്മുടെ മരിച്ചുപോയവരുമായി സംസർഗ്ഗം ചെയ്യുന്നതിനും, സമ്പർക്കം പുലർത്തുന്നതിനും ക്രിസ്തുവിലുള്ള ഈ ഐക്യം നമ്മെ സഹായിക്കുന്നു.

### അദ്ധ്യായം 6

### സഭ മനുഷ്യാവതാരത്തിന്റെ പിൻതുടർച്ചയാകുന്നു.

1 മനുഷ്യാവതാരം ക്രിസ്തുസഭാചരിത്രാരംഭത്തിൽനടന്നഒരു സംഭവമാണെങ്കിലും, ചരിത്രാതീതകാലത്തിലേക്കു്–മനുഷ്യവർഗ്ഗത്തിന്റെ ആരംഭഘട്ടത്തിലേക്കു്–അതിനും പുറകിൽ, ലോകം ഉണ്ടാകുന്നതിനുമുമ്പുള്ള കാലത്തിലേയ്ക്കുപോലും, അതിന്റെ വേരുകൾ കടന്നുചെന്നിട്ടുള്ളതായി കാണാവുന്നതാണ്. ''സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല തകർക്കും.'' (ഉല്പത്തി 3:15) എന്നിങ്ങനെ, ആദാം പിഴച്ചപ്പോൾ കൊടുത്ത ശാപമോചനമാകുന്ന ആദ്യ സുവിശേഷം മനുഷ്യാവതാരത്തിന്റെ നാന്ദിയാണ്. ആ കന്യകാസുതനായ മശിഹായാണ് സർപ്പത്തിന്റെ (പിശാചിന്റെ) തല തകർത്തതു്. മനുഷ്യനായി അവതരിച്ച ഈ മശിഹായുടെ കാൽവറിയിലെ ബലിയെപ്പററി ലോകാരംഭത്തിനുമുമ്പുതന്നെ ദൈവസന്നിധിയിൽ ഒരുക്കമുണ്ടായിരുന്നുവെന്നു വെളിപ്പാടു പുസ്തകത്തിൽ കാണുന്നുണ്ട്. (വെളി. 13:8) ''ലോകാരംഭത്തിനു മുമ്പുതന്നെ കരളറക്കപ്പെട്ട കുഞ്ഞാടു്.''

2 നഷ്ടപ്പെട്ട ആദാമിനെ വീണ്ടെടുക്കണം. അതു ആദാമിനെപ്പോലെതന്നെയുള്ള ഒരു മനുഷ്യനായിരിക്കണം അഥവാ, സ്ത്രീയുടെ സന്തതി. ഇതു് ദൈവത്തിന്റെ വെളിപ്പെടുത്തപ്പെട്ട തിരുവിഷ്ടമാണ്. ഈ വീണ്ടെടുപ്പിന്റെ പ്രവർത്തനത്തിലാണ് സഭയുടെ സ്ഥാനം നാം കാണുന്നതു്. മനുഷ്യനെ സൃഷ്ടിച്ചതു് ദൈവത്തിന്റെ സാദൃശ്യത്തിലും, രൂപത്തിലുമായിരുന്നു: (ഉല്പത്തി). 1:26) വളർന്നു തന്നെപ്പോലെ പൂർണ്ണനായി തീരുന്നതിനല്ലാതെ മററൊരുദ്ദേശവും അതിനുണ്ടാകുവാൻ വഴിയില്ല.

(തുടരും)

## ധ്യാനവേദി

(2-ാം പേജിൽനിന്നും തുടർച്ച)

മററെല്ലാവക്കും അവൻ കുരിശു വഹിക്കുന്നതിന്റെ ആവശ്യം ആഴത്തിൽ പ്രബോധിപ്പിച്ചു. എന്തെന്നാൽ അവൻ പറയുന്നു ''ഏതെങ്കിലും ഒരു മനുഷ്യനു് എന്റെ വഴിയെ വരുവാൻ മനസ്സുണ്ടെങ്കിൽ സ്വാർത്ഥത്തെ അവൻ സംത്യജിക്കട്ടെ; സ്വന്തം കുരിശു വഹിക്കട്ടെ; എന്നിട്ട് എന്നെ അനുഗമിക്കട്ടെ.''

അതുകൊണ്ട് നാം സർവ്വവും പാരായണം ചെയ്തും പരിശോധിച്ചും കഴിയുമ്പോൾ ഇതായിരിക്കട്ടെ നമ്മുടെ അന്തിമ നിഗമനം ''അനേകം പരീക്ഷണങ്ങൾ കൂടാതെ നമുക്കു് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക അസാദ്ധ്യമാണ്.''

## ധ്യാനപീഠം


(2-ാംപേജിൽനിന്നും തുടർച്ച)

പ്രവചിക്കുക അസാദ്ധ്യമാണ്. നല്ല ജീവിതമാതൃകകൾ കൺമുമ്പിലില്ലാതെ കുഞ്ഞുങ്ങൾ വളരാനിടയാകുന്നതു് ഒരു തലമുറയോടു ചെയ്യുന്ന ദ്രോഹമാണ്. ഇന്നു് ധാരാളം ''മാതൃകകൾ'' വളരുന്ന കുട്ടികളുടെ മുമ്പിലുണ്ട്. പക്ഷെ അതെല്ലാം മുതലെടുപ്പിന്റെയും, പൊതുമുതൽ നശിപ്പിക്കുന്നതിന്റെയും, ഒരുവനെ ചവുട്ടിത്താഴ്ത്തി മററൊരുവൻ നേതാവാകുന്നതിന്റെയും മററുമാണ്. നല്ല മാതൃകകൾ നേടി അവൻ എവിടെപ്പോകും?

**പ്രാർത്ഥന:** ഞങ്ങളെ ദൈവീകരാക്കുവാൻ, മനുഷ്യരൂപം പൂണ്ട ദൈവമെ! അവിടുന്നു ഞങ്ങൾക്കു് സകലത്തിലും മാതൃകയാണ്. നിന്നെ അനുകരിക്കുന്നതു വഴിയാണ് ഞങ്ങൾ അന്യർക്കു് മാതൃകയാകുന്നതു്. മാതൃകായോഗ്യരായി രാവും പകലും ഞങ്ങൾ കാണപ്പെടുവാൻ ഞങ്ങളിൽ സംയമനവും, നിന്നെയുള്ള ഭയബഹുമാനങ്ങളും വളർത്തേണമേ. ഞങ്ങളുടെ നടപടികൾ കണ്ടു് ആരും ദൈവനാമം ദുഷിക്കാനിടയാകരുതേ!

**ചിന്താവിഷയം:** 2 കോറിന്ത്യർ 6:3 ''ഞങ്ങളിൽ കുററം കണ്ടിട്ടു് ആരും കർത്താവിനെ പഴിക്കാനിടയാകരുതല്ലോ''

## അമൃതബിന്ദുക്കൾ



**തൊണ്ണൂററിയഞ്ച്**

ദുഷ്ടന്മാരുടെ യാഗത്തെ
വെറുപ്പു ജഗദീശ്വരൻ

**തൊണ്ണൂററിയാറു്**

ദുരിതമന്യനുണ്ടാക്കും
നരനു നരകം ദൃഢം

**തൊണ്ണൂററിയേഴ്**

സുകൃതം ചെയ്യുവോർക്കുള്ളിൽ
അമൃതം പെയ്യുമീശ്വരൻ

ശ്രീപാദം ഈശ്വരൻ നമ്പൂതിരി

Reg. No. KL/KTM/34 MALANKARA ORTHODOX HERALD Price: Re. 1

## പ്രതിവാര ചിന്തകൾ:

# സാമൂഹിക മനഃസാക്ഷി മരിച്ചുവോ?

മനുഷ്യജീവിതത്തിന്റെ വിവിധ തലങ്ങളിൽ പരക്കെ ഒരു താളപ്പിഴയും അഴിവും അയവും ലാഘവവും വർദ്ധമാനമായിക്കൊണ്ടിരിക്കുന്നു എന്ന് അധികംപേരും സമ്മതിക്കും. സാമൂഹ്യ വ്യവസ്ഥിതിയുടെ ഉന്നത തലങ്ങളും സമതലങ്ങളുമെല്ലാം അഴിമതിക്കും പക്ഷപാതത്തിനും പ്രതിക്കൂട്ടിലാക്കപ്പെടുന്നതിൽ പുതുമയില്ലാതെയായിരിക്കുന്നു. അധികാര സ്ഥാനങ്ങളുടെ വിശ്വാസ്യത തന്നെ ചോദ്യം ചെയ്യപ്പെടുകയും 'മാതൃകാ'സ്ഥാനങ്ങൾ തങ്ങളുടെ നിലനില്പിന് പുതിയൊരു സാമൂഹ്യ നിർവ്വചനം പടച്ചെടുക്കാൻ വെമ്പൽ കൊള്ളുകയും ചെയ്യുന്നു. അധികാരം കൈയാളുന്നവർക്ക് കീഴ്സ്ഥാനികളെ നിലയ്ക്കുനിർത്തി അവരെക്കൊണ്ട് പണിയെടുപ്പിക്കാൻ തീരെ നിവൃത്തിയില്ലാതെ കാണപ്പെടുന്നു. വിദ്യാർത്ഥികൾക്ക് അദ്ധ്യാപകരെ ശങ്കയുണ്ടെന്ന് ആർക്കും ''ശങ്കയില്ല'' ഇഷ്ടമില്ലാത്ത ഉത്തരവുകൾ പുറത്തുവന്നാൽ, ധർണ്ണ, പൊതുമുതൽ നശിപ്പിക്കൽ, വളഞ്ഞുവയ്ക്കൽ, വഴിതടയൽ, ഉത്തരവു ദഹനം ഇങ്ങനെ എന്തെല്ലാം പ്രയോഗങ്ങൾ സംഘടിത വർഗ്ഗങ്ങളുടെ ആവനാഴിയിൽ സുലഭമല്ല!

മനുഷ്യജീവിതത്തെയും വ്യക്തിത്വത്തെയും ബഹുമാനിക്കുകയും തന്റേതെന്നപോലെ അന്യന്റെ ശ്രേയസ്സിലും വളർച്ചയിലും താല്പര്യം കാട്ടുകയും ചെയ്യുന്നവർക്ക്, മനുഷ്യബന്ധങ്ങളുടേയും സാമൂഹ്യാടിസ്ഥാനങ്ങളുടെയും ഈ 'ഒഴുകിപ്പോക്ക്' അനല്പമായ ദുഃഖത്തിനു കാരണമാകുന്നു. എന്തും ചെയ്യാനും മടിക്കാതെ, മനുഷ്യരെ ഭീഷണിപ്പെടുത്തി കാര്യം നേടുകയും, സംഘടനാശക്തിയുടെ കൈയൂക്കിൽ മറ്റെല്ലാറ്റിനെയും ഒതുക്കുകയും ചെയ്യുന്നവർ തുടർച്ചയായി എല്ലാറ്റിന്റെയും നേതൃസ്ഥാനത്ത് വിരാജിക്കുമ്പോൾ, ശാന്തശീലരും മനുഷ്യനന്മയ്ക്കുവേണ്ടി, പേരും പെരുമയും ഉദ്ദേശിക്കാതെ അദ്ധ്വാനിക്കുന്നവരുമായവർ നിശ്ശബ്ദരായിപ്പോകുന്നു. പത്തു വിദ്യാർത്ഥികൾ മാരകായുധങ്ങൾ ഏന്തിയോ, അല്ലാതെയോ കർണ്ണകഠോരമായ മുദ്രാവാക്യങ്ങളുടെ അകമ്പടിയോടെ കോളജിനുള്ളിലൂടെ ഒന്നു ചുറ്റിത്തിരിഞ്ഞാൽ, അന്ന് അവിടെ 'പഠിക്കാ'നെത്തിയ നിസ്സഹായരായ ആയിരങ്ങൾ, അന്നത്തെ വിജ്ഞാനസമ്പാദനം അവസാനിപ്പിച്ച് സ്ഥലം വിടേണ്ടിവരുന്നു. കാൽനടക്കാരും വാഹനങ്ങളും എത്രയെന്നില്ലാതെ ഒഴുകുന്ന പ്രധാന നിരത്തിൽ, സവാരി അത്യധികമാകുന്ന സമയത്ത് ഒരു 'പ്രകടനം' കുത്തിപ്പടന്നു വരുന്നതും പതിവു യാത്രക്കാർ ആരെയൊക്കെയോ ശപിച്ച് നടന്നുവലഞ്ഞ് വീട്ടിലെത്താൻ പാടുപെടുന്നതും കോപ്പിയടിച്ചു പിടിക്കപ്പെട്ട ശിഷ്യൻ ഗുരുവിനെ കുത്തിമലർത്തുന്നതും, തുടങ്ങി നിരവധി രംഗങ്ങൾ നിത്യേന അരങ്ങേറുന്ന നമ്മുടെ നാട്ടിൽ ഇവയുടെ വാർത്താപ്രാധാന്യംതന്നെ നഷ്ടപ്പെട്ടിരിക്കുന്നു. മനുഷ്യസമുദായത്തിന്റെ മനസ്സാക്ഷി എന്നന്നേക്കുമായി മൃതപ്രായമായോ?

മാനവ ചരിത്രത്തിന് നാളതുവരെ അപരിചിതമായിരുന്ന മറ്റൊരു സദാചാരം ഇവിടെ പിറക്കുകയാണോ? ആസാഫിന്റെ സംഗീതത്തിൽ (സങ്കീ. 73) ആകാശത്തോളമുയർന്നുനില്ക്കുന്ന അഹംഭാവികളെക്കുറിച്ചൊരു വർണ്ണനയുണ്ട്. അവർക്കു സൗഖ്യത്തിനു കുറവില്ല; വേദന ഒട്ടുമില്ല. അവരുടെ ദേഹം തടിച്ചുരുണ്ടിരിക്കുന്നു; ഡംഭം അവർക്കു സരപ്പളിയാകുന്നു; അവരുടെ നയനങ്ങൾ പുഷ്ടിയുള്ളവയാകുന്നു; അവർ പരിഹസിച്ചു ഭീഷണി പറയുന്നു; അവർ സമ്പന്നരാണ് — ഇതൊന്നും പോരാഞ്ഞിട്ട് പരിഹാസം അത്യുന്നതന്റെ നേർക്കുതന്നെ അവർ തിരിച്ചിരിക്കുന്നു. ''ദൈവം എങ്ങനെ അറിയുന്നു, അത്യുന്നതന് അറിവുണ്ടോ'' എന്ന് അവ ആരായുന്നു!

ഈ ദൃശ്യം നിർമ്മല ഹൃദയമുള്ളവർക്കു ദുഃഖത്തിനും ചിന്താകുഴപ്പത്തിനും സാരമായ കാരണമാകുന്നതിൽ അത്ഭുതപ്പെടാനില്ല. ഈദൃശ്യം ദുഃഖത്താൽ കുഴങ്ങി സങ്കീർത്തന കർത്താവ് അത്യുന്നതന്റെ ദേവായലത്തിൽ, ആശ്വാസം തേടിയെത്തി. അവിടെ അദ്ദേഹത്തിന്റെ അന്തർദൃഷ്ടി തുറക്കപ്പെട്ടു. അഹങ്കാരിയായ ദുഷ്ടന്റെ ദയനീയമായ അന്ത്യം അദ്ദേഹം തന്റെ ജ്ഞാനദൃഷ്ടിയിലൂടെ നോക്കിക്കണ്ടു. അവരുടെ നില്പുതന്നെ കാലടി ഉറയ്ക്കാത്ത 'വഴുവഴുപ്പി'ലാണെന്നു അദ്ദേഹം ഗ്രഹിച്ചു. അവരുടെ പ്രതാപമെല്ലാം ഒരു സ്വപ്നം പോലെ മാത്രം. മറിച്ച് 'ദൈവം നിർമ്മല ഹൃദയമുള്ളവർക്കു നല്ലവനാകുന്നു' എന്ന അദ്ദേഹത്തിന്റെ വിശ്വാസം സ്ഥിരപ്പെടുന്നതിനും ഈ ദർശനം കാരണമായി.

നമുക്കുചുറ്റും നടമാടുന്ന ഈ അവ്യവസ്ഥിതിയുടെയും, നീതിരാഹിത്യത്തിന്റെയും രംഗങ്ങൾ നമ്മെ സ്വാധീനിക്കാതിരിപ്പാൻ നിരന്തര പരിശ്രമം വേണം. ഇരുളും വെളിച്ചവും തിരിച്ചറിയാനുള്ള അകക്കണ്ണു തുറക്കപ്പെടാൻ ദൈവാത്മാവിന്റെ കൈത്താങ്ങൽ നാം ചോദിച്ചുവാങ്ങണം. അഴിമതിയുടെ ഭാഗമാക്കാതെ, കാലടികൾ ഇടറാതെ, ഇരുട്ടിലും വെളിച്ചം പരത്തുന്ന ചെറു ദീപങ്ങളാകാൻ ആശ്വാസത്തിന്റെ തുരുത്തുകളാകാൻ, യേശു നമ്മെ വിളിക്കുന്നു!

# വചനത്തിന്റെ സുവർണ്ണം

(1-ാംപേജിൽനിന്നും തുടർച്ച)

ആദ്യമായി ഇടവക രൂപീകരണം സാധ്യമാക്കിത്തീർത്തത് സ്മര്യപുരുഷന്റെ ദീർഘദൃഷ്ടിയുടെയും സേവനത്തിന്റെയും ഫലമാണ്. ആ ചുമതല അദ്ദേഹത്തിനുശേഷം നാം ഏറ്റെടുത്തു. ഒരു ഭദ്രാസനമാക്കി, കൂടുതൽ വ്യാപ്തിയും, കെട്ടുറപ്പും, ഭദ്രതയും വരുത്തുവാൻ നമുക്കു കഴിഞ്ഞു എന്ന് കൃതജ്ഞതയോടെ ഓർക്കുന്നു. തിരുമേനിയുടെ ചരമദിനമായ ആഗസ്റ്റ് 6-ന് ബാഹ്യകേരള ഭദ്രാസനങ്ങളിൽ ''മാർ തേവോദോസ്യോസ് സ്കോളർഷിപ്പ് ഫണ്ട്'' എന്ന പേരിൽ ഒരു കവർപിരിവ് നടത്തി, ഭദ്രാസനങ്ങളിലെ വൈദീക വിദ്യാർത്ഥികളുടെ പഠനത്തിന് ഉപയോഗിച്ചുകൊണ്ടിരിക്കുന്നു.

## ഇതര സഭകളുമായുള്ള സമ്പർക്കം:

ഓർത്തഡോക്സ് വിശ്വാസത്തോടുള്ള തീഷ്ണത, മറ്റു സഭകളോടുള്ള ബന്ധത്തിൽ നിന്ന് അദ്ദേഹത്തെ മാറ്റിനിർത്തിയില്ല. ഇതര പൗരസ്ത്യ ഓർത്തഡോക്സ് സഭകളിലെയും ആംഗ്ലിക്കൻ സഭയിലേയും പല നേതാക്കന്മാരുമായും അദ്ദേഹം ഗാഢബന്ധം പുലർത്തി. ആംഗ്ലിക്കൻ സഭയിൽ ഹൈ ചർച്ച് വിഭാഗത്തിൽപ്പെട്ട പല വൈദീകരും ഇവിടെ വരുന്നതിനും, ആശ്രമങ്ങൾക്കും, വിദ്യാർത്ഥിപ്രസ്ഥാനത്തിനും, നേതൃത്വം നൽകുന്നതിനും അദ്ദേഹം പ്രേരകമായിരുന്നു.

## നല്ലവ്യക്തി ബന്ധങ്ങൾ

മിതഭാഷിയായിരുന്ന തിരുമേനി നല്ല വ്യക്തി ബന്ധങ്ങൾ പുലർത്തുവാൻ വിജയിച്ചിരുന്നു. സഭയുടെ നേതൃത്വ നിരയിലുള്ള മഹാത്മക്കളെ മാത്രമല്ല, ചെറുപ്പക്കാരെയും അദ്ദേഹം ആകർഷിച്ചു. അദ്ദേഹത്തിന്റെ ധ്യാനപ്രസംഗങ്ങളും കാപട്യമില്ലാത്ത പെരുമാറ്റങ്ങളും ജനഹൃദയങ്ങളെ ആകർഷിക്കുന്നവയായിരുന്നു. അനേകം ചെറുപ്പക്കാർക്ക് അദ്ദേഹം നേതാവും, പിതാവും, ആത്മീയഗുരുവും മാർഗ്ഗദർശിയും ആയി വർത്തിച്ചു.

ഈ ധന്യാത്മാവിനെ പറ്റി ഇനിയും പലതും പറയാനുണ്ടെങ്കിലും നാം ചുരുക്കുന്നു. അദ്ദേഹത്തിന്റെ തത്വാധിഷ്ഠിതമായ ജീവിതം, സത്യത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള അചഞ്ചലമായ പോരാട്ടം, നിഷ്കളങ്കമായ ഭക്തിജീവിതം, സഭാപിതാക്കന്മാരോടുള്ള ആദരവ്, പ്രതിപക്ഷ ബഹുമാനം ഇവയെല്ലാം ഇന്നുള്ള നമുക്ക് മാർഗ്ഗ ദർശകമായിത്തീരട്ടെ എന്നാശംസിക്കുന്നു.

രണ്ടാമതായി മലങ്കര മല്പാൻ മട്ടയ്ക്കൽ അലക്സന്ത്രയോസ് കത്തനാരെക്കുറിച്ച് ഏതാനും ചില വസ്തുതകൾ അനുസ്മരിക്കുവാൻ നാം ആഗ്രഹിക്കുന്നു.

നമ്മുടെ ഗുരുജനങ്ങളെ ഓർക്കുകയും ആദരിക്കുകയും ചെയ്യുന്ന പാരമ്പര്യമാണ് നമുക്കുള്ളത്. മലങ്കരസഭാ മല്പാനായി വിശിഷ്ട സേവനമനുഷ്ഠിച്ച മട്ടയ്ക്കൽ അലക്സന്ത്രയോസ് കത്തനാരെ ഇത്തരുണത്തിൽ സ്മരിക്കുമ്പോൾ അദ്ദേഹം, വൈദീക പാരമ്പര്യമുള്ള മട്ടയ്ക്കൽ കുടുംബത്തിൽ 1865 ലാണ് ജനിച്ചത്. ബഥനിആശ്രമത്തിലെ ദിവംഗതനായ മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ, കഥാപുരുഷന്റെ പിതൃസഹോദര പുത്രനായിരുന്നു.

സഭാ ശുശ്രൂഷയ്ക്കാഗ്രഹിച്ച സ്മര്യപുരുഷൻ ചെറുപ്രായത്തിൽതന്നെ പരുമല തിരുമേനിയുടെ ശിഷ്യനായിത്തീർന്നു. അവിവാഹിത ജീവിതം ആഗ്രഹിച്ച ശെമ്മാശൻ പിതാവിന്റെ നിർബന്ധപ്രകാരം വിവാഹിതനായെങ്കിലും, ഏറെനാൾ കഴിയുംമുമ്പ് വിഭാര്യനായി. പാണ്ഡിത്യമാർജ്ജിച്ച അദ്ദേഹം പഴയസെമിനാരിയിൽ വൈദിക വിദ്യാർത്ഥികളെ പഠിപ്പിക്കുന്ന ചുമതല ഏറ്റു. അതു വട്ടശ്ശേരിൽ ഗീവർഗീസ് മല്പാനോടൊരുമിച്ച് ആയിരുന്നു. പിന്നീട് പഴയ സെമിനാരിയുടെ മാനേജർ സ്ഥാനവും അദ്ദേഹം ഏറ്റെടുത്തു.

വൈദീകരെ സഭാ ശുശ്രൂഷയ്ക്കായി സജ്ജമാക്കുക മാത്രമല്ല, ആരാധന ക്രമങ്ങളുടെ മലയാള പരിഭാഷയിൽക്കൂടി മഹത്തായ സംഭാവന നൽകുകയും ചെയ്തു. ലളിതമായ ഭാഷയും, പ്രാർത്ഥനയ്ക്കനുയോജ്യമായ ശൈലിയും അദ്ദേഹത്തിന്റെ പരിഭാഷയുടെ സവിശേഷതകളാണ്.

മലങ്കരസഭയുടെ നിർണ്ണായക ഘട്ടത്തിൽ വട്ടശ്ശേരിൽ തിരുമേനിയുടെ വലംകൈയായി നിന്നുകൊണ്ട്, സ്വജീവനെപ്പോലും പണയം വച്ച്, സഭാ സ്വാതന്ത്ര്യത്തിനു വേണ്ടിയും, കാതോലിക്കേറ്റിന്റെ സംരക്ഷണത്തിനുവേണ്ടിയും അദ്ദേഹം ധീരതയോടെ പ്രവർത്തിച്ചു. അന്ത്യനാൾ സ്വന്തം ഭവനത്തിലാണ് കഴിച്ചു കൂട്ടിയത്. അദ്ദേഹത്തിന്റെ ജീവിതവും സേവനവും നമുക്കു മാതൃകയായിരിക്കട്ടെ. കൂടാതെ ഇന്നിവിടെ നമ്മോടുകൂടെ സന്നിഹിതനായിരിക്കുന്ന, മാർത്തോമ്മാ സഭയിലെ സഖറിയാസ് മാർ തെയോഫിലോസ് മെത്രാച്ചന്റെ മട്ടയ്ക്കൽ കുടുംബയോഗത്തിന്റെ രക്ഷാധികാരിയുമായ തിരുമേനിയുടെ ജന്മദിനവും, നമ്മുടെ കാരിക്കോട്ട് മാത്യൂസ് കത്തനാരായിട്ട് 50 വർഷം തികയുന്ന ദിനവുമാണ്. തിരുമേനിക്കും അച്ചനും നമ്മുടെ എല്ലാ ഭാവുകങ്ങളും, ആശംസകളും, അനുഗ്രഹങ്ങളും, നേരുന്നു.

ദൈവം നിങ്ങളെല്ലാവരേയും അനുഗ്രഹിക്കട്ടെ.

## ശ്രാദ്ധം ആചരിച്ചു.

ചേപ്പാട്: ദീർഘകാലം ചേപ്പാട് സെന്റ് ജോർജ്ജ് പള്ളി വികാരിയായിരുന്ന നിര്യാതനായ എവരത്ത് കിഴക്കതിൽ ഐ. ഡാനിയേൽ കോർ എപ്പിസ്ക്കോപ്പായുടെ 16-ാം ശ്രാദ്ധദിനം മാത്യൂസ് മാർ കൂറീലോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ ചേപ്പാട് സെന്റ് ജോർജ്ജ് പള്ളിയിൽ ആചരിച്ചു. കബറിടത്തിലും, പരേതന്റെ ഭവനത്തിലും വി: കുർബാനാനന്തരം തിരുമനസ്സുകൊണ്ട് ധൂപ പ്രാർത്ഥന നടത്തി. ആശീർവാദത്തിനുശേഷം സദ്യ വിളമ്പും ഉണ്ടായിരുന്നു.

## ഉപവാസ ധ്യാന യോഗം

കോട്ടയം: ഇമാം സുവിശേഷ മിഷന്റെ ആഭിമുഖ്യത്തിൽ മണർകാട് കുരിശുകവലയ്ക്കു പടിഞ്ഞാറ് ഇമാം നഗറിൽവെച്ച് സെപ്റ്റംബർ 12 മുതൽ 17 വരെ ഉപവാസത്തോടുകൂടിയ സുവിശേഷ ഉണർവ്വ് ധ്യാന യോഗങ്ങൾ നടത്തപ്പെടുന്നു. ദിവസവും പകൽ 9 മുതൽ 2 മണിവരെയും, വൈകുന്നേരം 6 30 മുതൽ 8 30 വരെയും ആയിരിക്കും പ്രധാന യോഗങ്ങളുടെ സമയം. മറ്റു സമയങ്ങളിൽ വിവിധ വിഷയങ്ങളെക്കുറിച്ച് മദ്ധ്യസ്ഥ പ്രാർത്ഥനകളും ധ്യാനവും വേദവായനയും ഉണ്ടായിരിക്കും. 12-ാം തീയതി രാവിലെ 9 മണിക്ക് സി. വി. ജോർജ്ജ് കോറെപ്പിസ്കോപ്പ യോഗങ്ങളുടെ ഉദ്ഘാടനം നിർവഹിക്കുന്നതാണ്. ഫാ: ഒ. എസ്സ്. കുര്യാക്കോസ്, പോൾ സിനിരാജ് മുഹമ്മദ്, പി. എസ്സ്. ജേക്കബ് എന്നിവർ നേതൃത്വം നല്കും. ഫാ: മാത്യു വൈദ്യൻ, ഫാ: എം. സി. ജോർജ്, ഫാ: ജോൺ ശങ്കരത്തിൽ, ഫാ: ജോൺ പുത്തൻ വീട്ടിൽ, ഫാ: സഖറിയ പണിക്കശ്ശേരി, ഫാ: ജോസ് പെരുമാൾ, ഫാ: മത്തായി തെക്കേടത്തു്, ഡീ: എം. സി. ചെറിയാൻ, പ്രൊഫ: കെ. പി. തോമസ്സ്, മീനടം വി. ജെ. കുര്യൻ, മാലം സി. കെ. ഏബ്രഹാം, കെ. സി. മാണി, വി. ഒ. സഖറിയാ, സാജു പാടാച്ചിറ, പി. എൽ. മാത്യു, വി. റ്റി. ചെറിയാൻ തുടങ്ങിയവർ ഒരോരോ സമയങ്ങളിൽ പ്രസംഗവും ധ്യാനവും നടത്തും.

## കട്ടച്ചിറ പള്ളിയിൽ എട്ടുനോമ്പു പെരുന്നാൾ

കായംകുളം: കട്ടച്ചിറ സെന്റ്മേരീസ് ഓർത്തഡോക്സ് പള്ളിയിലെ എട്ടുനോമ്പുപെരുനാൾ സെപ്തംബർ 1 മുതൽ 8 വരെയുള്ള ദിവസങ്ങളിൽ വിവിധ പരിപാടികളോടുകൂടി ആഘോഷിച്ചു. പെരുനാളിന്റെ കൊടിയേറ്റു കർമ്മം ആഗസ്റ്റ് 28-ാം തീയതി ഞായറാഴ്ച വി. കുർബാനയ്ക്കുശേഷം വികാരി ഫാദർ പി. ജോർജിന്റെ നേതൃത്വത്തിൽ നടത്തി. സെപ്തംബർ 4-ാം തീയതി ഞായറാഴ്ച രാവിലെ 8 മണിയ്ക്കു നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറീലോസ് തിരുമേനി വി. കുർബാന അർപ്പിച്ചു.

Edited & Published by Shebaly, Printed by Rev. C. K. Joseph Ramban on behalf of M. O. C. F. C. F. Printed at Archana Offset Printers Collectorate P. O. Kottayam-2, Manager Fr. Raju Varghese, Asst. Manager A. J. George, Circulation Asst. K.P. Jacob, (Hon) Chief Editor Dr. Samuel Chandanappally, Associate Editor: Fr. C. A. Issac, Office Address: Malankara Orthodox Herald, Devalokam Kottayam-686 038